JUNE
2025



# THE BIBLE TRUTH
# ബൈബിൾ ട്രൂത്ത്

**പിതാവായ ദൈവം**

↓

**പുത്രനായ ക്രിസ്തു മുഖാന്തരം**

↓

**അപ്പൊസ്തലന്മാർക്ക് നൽകി**

↓

**അപ്പൊസ്തലന്മാർ മുഖാന്തരം**

↓

**സർവ്വ ലോകത്തിനും നൽകി**

↓

**ആ രക്ഷാദൂത് സകല മനുഷ്യരും അനുസരിക്കണം**

- *രക്ഷിക്കപ്പെടുന്നവരെ കർത്താവ് സഭയോടു ചേർക്കുന്നു.*
- *നാമധേയ വിഭാഗങ്ങളെല്ലാം ദൈവ പദ്ധതിക്കു പുറത്താണ്.*
- *കൃപയാൽ സൗജന്യമായത്രെ ദൈവം രക്ഷിക്കുന്നത്.*
- *വിശ്വസിക്കുന്നവർ പാപങ്ങളെ വിട്ട് മാനസാന്തരപ്പെടും.*
- *പാപമോചനത്തിന് ക്രിസ്തുവിന്റെ ഉപദേശം അനുസരിക്കണം.*
- *നിത്യജീവന്റെ വചനമാണ് പുതിയ നിയമത്തിലുള്ളത്.*
- *പിതാവിന്റെ ഉപദേശപ്രകാരമാണ് ക്രിസ്തു സംസാരിച്ചത്.*

# THE BIBLE TRUTH

**Editor**
**P.K. VARGHESE**

000

**Published by Church of Christ**

**പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം**

**Vol. 53** **June 2025** **No.17**

## എഡിറ്റോറിയൽ

സമൂഹം നേരിട്ടു കൊണ്ടിരിക്കുന്ന പല പ്രശ്നങ്ങളുമുണ്ട്. അവയിലൊന്നാണ് നിയന്ത്രണാതീതമായി കൊണ്ടിരിക്കുന്ന ആക്രമണങ്ങൾ. പല രീതിയിൽ ആളുകൾ ഇതിനിരയാകുന്നുണ്ട്. വാസ്തവത്തിൽ മനുഷ്യർ തങ്ങളുടെ ജീവിതത്തെ നൈമിഷിക വികാരങ്ങൾക്ക് അടിമപ്പെടുത്തുകയാണ്. അടിസ്ഥാനമായി ഇതിന്റെ കാരണമെന്തെന്ന് പരിശോധിക്കാം. പ്രാധാന്യം കൊടുക്കേണ്ടതും മുൻഗണനാക്രമവും ക്രമവിരുദ്ധമായിട്ടാണ് കാണപ്പെടുന്നത്. ആളുകളുടെ അജ്ഞതയാണ് ഇങ്ങനെ ജീവിക്കാൻ കാരണം. തെറ്റിദ്ധാരണ, സംശയം, വക്രത, സ്വാർത്ഥത, എന്നിങ്ങനെ എണ്ണിയാലൊടുങ്ങാത്ത സ്വഭാവ വൈകൃതം മനുഷ്യനെ വേട്ടയാടി നശിപ്പിക്കുകയാണ്. ലൗകിക ജീവിതത്തെയും തരംതിരിച്ച് ആരും പഠിപ്പിക്കുന്നില്ല. നിലനിൽക്കുന്നതും നിലനിൽക്കാത്തതുമായ കാര്യങ്ങൾ ബാല്യം മുതൽ പഠിപ്പിക്കേണ്ടിയിരിക്കുന്നു. ഓരോരുത്തരും വളർന്നുവരുന്ന പശ്ചാത്തലമനുസരിച്ച് ഇത്തരം അക്രമങ്ങൾക്ക് വ്യത്യാസം ഉണ്ടാകും.

ശരിയും തെറ്റും ഇടകലർന്നു കിടക്കുന്ന ലോകത്ത് ജീവിക്കുന്നവർ, ഭൂരിഭാഗവും വശത്താക്കുന്നത് തിന്മയാണ്. കുട്ടികൾ തങ്ങളുടെ വീട്ടിൽ നിന്നും വിദ്യാലയങ്ങളിൽ നിന്നും സമൂഹത്തിൽ നിന്നും കണ്ടും കേട്ടും പഠിക്കുന്ന പല കാര്യങ്ങളുണ്ട്. നീതിബോധവും സത്യസന്ധതയും വിശ്വസ്തതയും പഠിപ്പിക്കേണ്ട സ്ഥാനത്ത് സമൂഹത്തിൽ ഉന്നത

മായ പേരും പദവിയുമാണ് കുട്ടികളിൽ ലക്ഷ്യമാക്കി വിടുന്നത്. അതുകൊണ്ട് കുട്ടികളുടെ ബുദ്ധിയും കഴിവും ആ രീതിയിലേക്ക് തിരിച്ചുവിടും. അവർ പിന്നീട് വഷളായി പോകും. മാതാപിതാക്കൾക്ക് മക്കളെക്കുറിച്ച് ഉത്തരവാദിത്വമുണ്ട്. കുട്ടികളിൽ മത്സരമല്ല വളർത്തേണ്ടത്, മറിച്ച് തുല്യതയാണ്.  കള്ളം പറയുവാനോ കള്ളം ചെയ്യുവാനോ പഠിപ്പിക്കരുത്. ചതിയും വഞ്ചനയും നമുക്കു തന്നെ ദോഷമായി തീരുമെന്നു പഠിപ്പിക്കണം. ദൈവത്തെക്കാൾ പണത്തിനും പദവിക്കും മുൻഗണന കൊടുക്കുന്ന മാതാപിതാക്കൾ സ്വയം നശിക്കുകയും തങ്ങളുടെ മക്കളെ നശിപ്പിക്കുകയും ചെയ്യും. സ്വയം ഓരോരുത്തരും ആത്മപരിശോധന നടത്തണം. നമ്മുടെ ചുറ്റും ജീവിക്കുന്നവർക്ക് നമ്മെപ്പോലെ തന്നെ അവകാശപ്പെട്ടത് നാം തടഞ്ഞു വയ്ക്കരുത്.

അധികാര സ്ഥാനങ്ങളിലും ഔദ്യോഗിക പദവിയിലും കയറിപ്പറ്റുന്നവർ ഒരു പക്ഷേ പണം മുടക്കിയായിരിക്കും. അവിടെ കയറിയിരിക്കുന്നത്. അത് തിരിച്ചു പിടിക്കാൻ ആദ്യം കുറെയൊക്കെ മിതമായി തുടങ്ങും. പിന്നെ അഴിമതിയിൽ മുങ്ങിക്കുളിക്കും. പണത്തോടുള്ള മോഹം, അധികാരത്തോടുള്ള മോഹം ശരിയല്ല. ഇത് അവരെ നശിപ്പിക്കുന്നതാണ്. മോഹമാണ് മനുഷ്യരെ പാപം ചെയ്യിപ്പിക്കുന്നത്. തന്റെ മാർഗ്ഗത്തിന് തടസ്സമായി വരുന്നവരെ ഇല്ലാതാക്കാൻ ശ്രമിക്കുന്നവർ ഇന്ന് വർദ്ധിച്ചു വരികയാണ്. മാധ്യമങ്ങളിൽ നിറഞ്ഞു നിൽക്കുന്നത് ഇത്തരം ദൂഷ്യ സ്വഭാവങ്ങൾ മാറണമെങ്കിൽ ശാരീരിക ഇച്ഛകൾ മാറ്റി ആത്മീക താത്പര്യങ്ങളിലേക്ക് മനസ്സിനെ തിരിക്കണം. ദൈവത്തിനും ദൈവ വചനത്തിനും മുൻതൂക്കം കൊടുക്കണം. ദൈവത്തെ ഭയന്നു ജീവിക്കുവാൻ എല്ലാവരും തയ്യാറാകണം. മാലിന്യങ്ങൾ സമൂഹത്തിൽ നിന്നും തുടച്ചു നീക്കുവാൻ ദൈവ വചനത്താൽ എല്ലാവരും ശുദ്ധീകരിക്കപ്പെടണം. നമുക്ക് ദൈവത്തോടും സമൂഹത്തോടുമുള്ള പ്രതിബദ്ധത അതാണ്. നിങ്ങളും ഞാനും അതിന് തയ്യാറാകണം. ഓരോ വ്യക്തിയും തന്നാലാവുന്നത് ചെയ്യാൻ മനസ്സുണ്ടെങ്കിൽ നമുക്കു ചുറ്റുമുള്ളവർ തിരുത്താൻ മനസ്സുവയ്ക്കും. എന്റെ ഉദ്യമവും പ്രാർത്ഥനയും അതിനു വേണ്ടിയാണ്.

✶

# ആത്മനിയന്ത്രണമില്ലാതെ ക്രിസ്ത്യാനിത്വമില്ല

ചാൾസ് ബോക്സ്

ക്രിസ്തീയ ജീവിതത്തിന്റെ ശക്തമായ ഭാഗമാണ് ആത്മനിയന്ത്രണം എന്നത്. അടിസ്ഥാന വിശ്വാസത്തോടു ചേർക്കാവുന്നതാണ് സ്വയനിയന്ത്രണം എന്ന സ്വഭാവം. ‘‘അതു നിമിത്തം തന്നെ നിങ്ങൾ സകല ഉത്രസാഹവും കഴിച്ചു, നിങ്ങളുടെ വിശ്വാസത്തോടു വീര്യവും, വീര്യത്തോടു പരിജ്ഞാനവും, പരിജ്ഞാനത്തോടു ഇന്ദ്രിയ ജയവും, ഇന്ദ്രിയ ജയത്തോടു സ്ഥിരതയും, സ്ഥിരതയോടു ഭക്തിയും, ഭക്തിയോടു സഹോദര പ്രീതിയും, സഹോദര പ്രീതിയോടു സ്നേഹവും കൂട്ടിക്കൊൾവിൻ’’ (2 പത്രോസ് 1:6–7). ക്രിസ്തുവിനോട് ചേരുവാൻ സ്നാനമേറ്റവർ ഒരിക്കലും തിന്മ അവരുടെ യജമാനനാകാൻ അനുവദിക്കുകയില്ല (റോമർ 6:3–4).

‘‘ആകയാൽ പാപം നിങ്ങളുടെ മർത്യ ശരീരത്തിൽ അതിന്റെ മോഹങ്ങളെ അനുസരിക്കുമാറ് ഇനി വാഴരുത്. നിങ്ങളുടെ അവയവങ്ങളെ നീതിയുടെ ആയുധങ്ങളായി ദൈവത്തിനു സമർപ്പിച്ചു കൊൾവീൻ’’ (റോമർ 6:12–13). കർത്താവിന്റെ ശരീരമാണ് സഭ. ആ സഭയിലുള്ള അംഗങ്ങൾ ഓരോരുത്തരും അനീതി പരിശീലിക്കുകയില്ല എന്ന് തിരുവെഴുത്ത് സാക്ഷ്യപ്പെടുത്തുന്നു. ഉത്തരവാദിത്വം നിറവേറ്റുവാൻ നമുക്കു ആത്മനിയന്ത്രണം ആവശ്യമാണ്. ഇന്ദ്രിയങ്ങളെ ജയിക്കുവാൻ ദൈവ സഹായം നമക്കാവശ്യമാണ്.

**എന്താണ് ആത്മനിയന്ത്രണം?**

റോമിലുണ്ടായിരുന്ന സഹോദരന്മാരും എല്ലാം ക്രിസ്ത്യാനികളും ആത്മനിയന്ത്രണത്തിന്റെ പ്രാധാന്യം മനസ്സിലാക്കണമെന്ന് പൗലോസ് ആഗ്രഹിച്ചതു കൊണ്ട് വീണ്ടും എഴുതി. ‘‘നിങ്ങൾ ജഡത്തെ അനുസരിച്ച് ജീവിക്കുന്നു എങ്കിൽ മരിക്കും നിശ്ചയം; ആത്മാവിനാൽ ശരീരത്തിന്റെ പ്രവൃത്തിയെ മരിപ്പിക്കുന്നു എങ്കിലോ നിങ്ങൾ ജീവിക്കും’’ (റോമർ 8:113). യേശുക്രിസ്തു എന്ന കർത്താവിന് കീഴ്പ്പെട്ട് ശരീരത്തിന്റെ പ്രവൃത്തി

കളെ നിന്ത്രിക്കുക. അഥവാ അച്ചടക്കത്തിൽ വരുത്തുക എന്നതാണ് ആത്മ നിയന്ത്രണം. പ്രാർത്ഥനയാലും ദൈവ പരിജ്ഞാനത്താലും ക്രിസ്തീയ വിശ്വാസം പരിശീലിക്കുന്നതിനാലും ഇന്ദ്രിയ ജയം കൈവരിക്കാം. ക്രിസ്ത്യാനികൾ നന്മയും തിന്മയും വിവേചിക്കാൻ ദൈവ പരിജ്ഞാനം ഉപയോഗിക്കണം. നന്മ തിരഞ്ഞെടുത്തു പരിശീലിപ്പിച്ച് ശക്തിപ്പെടുത്തണം. "കട്ടിയായുള്ള ആഹാരം നന്മ തിന്മകളെ തിരിച്ചറിയുവാൻ തഴക്കത്താൽ അഭ്യസിച്ച ഇന്ദ്രിയമുള്ളവരായി പ്രായം തികഞ്ഞവർക്കേ പറ്റുകയുള്ളൂ" (എബ്രായർ 5:14).

## എങ്ങനെ ഇന്ദ്രിയ ജയം നേടാം?

നമ്മുടെ സ്വന്ത ഇഷ്ടങ്ങളെ മാറ്റിക്കളഞ്ഞ് അഥവാ ക്രൂശീകരിച്ചു ഓരോ ദിവസവും കർത്താവിനെ അനുഗമിക്കണം. "പിന്നെ അവൻ എല്ലാവരോടും പറഞ്ഞു: എന്നെ അനുഗമിപ്പാൻ ഒരുത്തൻ ഇച്ഛിച്ചാൽ അവൻ തന്നെത്താൻ നിഷേധിച്ച് നാൾ തോറും തന്റെ ക്രൂശ് എടുത്തുകൊണ്ട് എന്നെ അനുഗമിക്കട്ടെ (ലൂക്കോസ് 9:23). ഈ ആത്മനിയന്ത്രണം, ശാരീരിക ഇച്ഛകളെ ക്രൂശിക്കുന്നതിലൂടെയാണ് വളരുന്നത്". "ക്രിസ്തുവിലുള്ളവർ ജഡത്തെ അതിന്റെ രാഗമോഹങ്ങളോടും കൂടെ ക്രൂശിച്ചിരിക്കുന്നു" (ഗലാത്യർ 5:24). പാപ സ്വഭാവം നീക്കിക്കളഞ്ഞ് ക്രിസ്തുവിന് കീഴ്പ്പെട്ട് ജീവിക്കുന്നതിനെയാണ് ക്രൂശിക്കുക എന്നു പറയുന്നത്. പൗലോസ് പറഞ്ഞു: ഞാൻ ക്രിസ്തുവിനോട് കൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു ഇനി ജീവിക്കുന്നത് ഞാനല്ല ക്രിസ്തുവത്രേ എന്നിൽ ജീവിക്കുന്നു. ഇപ്പോൾ ഞാൻ ജഡത്തിൽ ജീവിക്കുന്നതോ എന്നെ സ്നേഹിച്ച് എനിക്കു വേണ്ടി തന്നെത്താൻ ഏൽപിച്ചു കൊടുത്ത ദൈവപുത്രനിലുള്ള വിശ്വാസത്താൽ അത്രേ ജീവിക്കുന്നത് (ഗലാത്യർ 2:20).

ന്യായവിധിയിൽ നാം ദൈവത്തിന് കണക്കു കൊടുക്കേണ്ടവർ ആണ് എന്ന ഉത്തരവാദിത്വത്തിൽ വേണം ഓരോ ക്രിസ്ത്യാനിയും ജീവിക്കുവാൻ. അതു തിരിച്ചറിഞ്ഞാൽ ആത്മ നിയന്ത്രണം ഒരു സ്വഭാവമാക്കി നാം ഏറ്റെടുക്കും. അവ അവനവൻ ശരീരത്തിൽ ഇരിക്കുമ്പോൾ ചെയ്തത് നല്ലാതാകിലും തീയതാകിലും അതിന് തക്കവണ്ണം പ്രാപിക്കേണ്ടതിന് നാം എല്ലാവരും ക്രിസ്തുവിന്റെ ന്യായാസനത്തിന്റെ മുമ്പാകെ നിൽക്കേണ്ടതാകുന്നു (2 കൊരിന്ത്യർ 5:10). നാം പറയുന്ന വാക്കുകൾക്കും ചെയ്യുന്ന പ്രവൃത്തികൾക്കും നാം കണക്കുകൊടുക്കണം. അതുകൊണ്ട് അച്ചടക്കം

ദൈവ ഭക്തിയുള്ള ഒരാൾക്ക് അത്യാന്താപേക്ഷിതമാണ്.

## ആത്മ നിയന്ത്രണം ഇല്ലാതെ വരുമ്പോൾ

ഇന്ദ്രിയ ജയം ഇല്ലാതെ വരുമ്പോഴാണ് ഹവ്വ, വിലക്കപ്പെട്ട കനി ഭക്ഷിച്ചത്. ‘‘ആ വൃക്ഷ ഫലം തിന്മാൻ നല്ലതും കാണ്മാൻ ഭംഗിയുള്ളതും ജ്ഞാനം പ്രാപിപ്പാൻ കാമ്യവും എന്ന് സ്ത്രീ കണ്ടു ഫലം പറിച്ചു തിന്നു. ഭർത്താവിനും കൊടുത്തു അവനും തിന്നു’’ (ഉത്പത്തി 3:6). ആഖാൻ യെരിഹോവിൽ നിന്നു സ്വർണ്ണവും വെള്ളിയും എടുക്കാൻ കാരണം അവന് ആത്മനിയന്ത്രണം ഇല്ലാതിരുന്നതു കൊണ്ടാണ്. കൊള്ളയുടെ കൂട്ടത്തിൽ വിശേഷമായ ബാബിലോൺ മേലങ്കിയും 200 ശേക്കൽ തൂക്കമുള്ള ഒരു പൊൻകട്ടിയും കണ്ടു മോഹിച്ചെടുത്തു. അവ എന്റെ കൂടാരത്തിന്റെ നടുവിൽ നിലത്തു കുഴിച്ചിട്ടിരിക്കുന്നു. വെള്ളി അടിയിൽ എന്ന് ആഖാൻ പറഞ്ഞു (യോശുവ 7:21).

സുന്ദരിയായ ബേത്ത് ശേബയെ കണ്ടു മോഹിച്ച രാജാവു പാപത്തിനിരയായി ഒരുനാൾ സന്ധ്യയാകാറായ സമയത്ത് ദാവീദ് മേത്തമേൽ എഴുന്നേറ്റ് രാജധാനിയുടെ മാളികയിൽ ഉലാത്തിക്കൊണ്ടിരിക്കുമ്പോൾ ഒരു സ്ത്രീ കുളിക്കുന്നത് മാളികയിൽ നിന്നും കണ്ടു. ആ സ്ത്രീ അതിസുന്ദരിയായിരുന്നു. ദാവീദ് ആളയച്ച് ആ സ്ത്രീ ആരെന്ന് അന്വേഷിച്ചു. അവൾ ഏലിയാമിന്റെ മകളും ഹിത്യനായ ഊരിയാവിന്റെ ഭാര്യയുമായ ബെത്ത് ശേബ എന്നറിഞ്ഞു. ദാവീദ് ദൂതന്മാരെ അയച്ച് അവളെ വരുത്തി അവൾ അവന്റെ അടുക്കൽ വന്നു. അവൾക്ക് ഋതു ശുദ്ധി വന്നിരുന്നതു കൊണ്ട് അവൻ അവളോടു കൂടെ ശയിച്ചു. അവൾ തന്റെ വീട്ടിലേക്ക് മടങ്ങിപ്പോയി (2 ശമൂവേൽ 11:2-4).

## ആത്മ നിയന്ത്രണം പരിശീലിക്കുമ്പോൾ

ആത്മ നിയന്ത്രണം പാലിച്ചു കൊണ്ടാണ് അപ്പോസ്തോലനായ പൗലോസ് വലിയൊരു ദൈവദാസനായി തീർന്നത്. മറ്റുള്ളവരോട് പ്രസംഗിച്ച ശേഷം ഞാൻ എന്റെ ശരീരത്തെ ദണ്ഡിപ്പിച്ച് അടിമയാക്കുകയത്രേ ചെയ്യുന്നത്. പോത്തിഫേറിന്റെ ഭാര്യയുടെ മോഹത്തിനടിമയാകാതെ ഓടിപ്പോകുവാൻ യോസേഫ് തുനിഞ്ഞത് ആത്മനിയന്ത്രണം കൊണ്ടാണ്. തന്റെ യജമാനന്റെ ഭാര്യയാണ് യോസേഫിനെ അവളോടു കൂടെ ശയിക്കാൻ നിർബന്ധിച്ചത്. ദൈഭക്തനായ യോസേഫ് അവനെ ഒരിക്കലും

പാപത്തിന് വിട്ടു കൊടുത്തില്ല. ദൈത്തിനെതിരായി പാപം ചെയ്യാതിരിക്കേണ്ടതിന് തന്റെ വസ്ത്രം ഉപേക്ഷിച്ച് അവൻ ഓടിപ്പോയി (ഉത്പത്തി 39:7–9). അദ്ധ്യക്ഷന്മാർക്ക് ഉണ്ടായിരിക്കേണ്ട യോഗ്യതകളിൽ ഒന്നാണ് ഇന്ദ്രിയ ജയം. കർത്താവിന്റെ സഭയെ നടത്തേണ്ടവർക്ക് അച്ചടക്കം അനിവാര്യമാണ്. "അതിഥി പ്രിയനും, സൽഗുണപ്രിയനും, സുബോധ ശീലനും, നീതിമാനും നിർമ്മദനും, ജിതേന്ദ്രിയനും" തുടങ്ങിയ മറ്റു ഗുണങ്ങളും ഉണ്ടായിരിക്കണം (തീത്തോസ് 1:8). ആത്മനിയന്ത്രണം പരിശീലിക്കുമ്പോൾ അത് നിങ്ങൾക്ക് അനുഗ്രഹമായിത്തീരും. നിങ്ങളുടെ ജീവിതം മറ്റുള്ളവരെ സ്പർശിക്കുകയും ചെയ്യുന്നു.

## എവിടെ ക്രിസ്ത്യാനികൾ ഇത് പരിശീലിക്കണം?

നല്ലതും ശരിയായതുമായ കാര്യങ്ങളിൽ വേണം ഇന്ദ്രിയ ജയം നടത്തുവാൻ (1) ഭക്ഷണങ്ങളിൽ (2) സുഖഭോഗത്തിൽ (3) ചീട്ടുകളി (4) മദ്യപാനം (5) മോഷണം തുടങ്ങിയ അസംഖ്യം കാര്യങ്ങൾ ഉണ്ട്. ക്രിസ്ത്യാനികൾ വികാരത്തെയും നിയന്ത്രിക്കണം. ക്രിസ്ത്യാനികൾ തങ്ങളുടെ നാവിനെയും നിയന്ത്രിക്കണം. ആവശ്യമുള്ളപ്പോൾ മാത്രം സംസാരിക്കുകയും ആവശ്യമുള്ളതു മാത്രം സംസാരിക്കുകയും വേണം. "നിങ്ങളിൽ ഒരുവൻ തന്റെ നാവിന് കടിഞ്ഞാണിടാതെ തന്റെ ഹൃദയത്തെ വഞ്ചിച്ചു കൊണ്ട് താൻ ഭക്തൻ എന്നു നിരൂപിച്ചാൽ അവന്റെ ഭക്തി വ്യർത്ഥമത്രേ" (യാക്കോബ് 1:26).

ആത്മാവിന്റെ ഫലങ്ങളിൽ ഒന്നാണ് ഇന്ദ്രിയ ജയം. പരിശുദ്ധാത്മാവ് ലഭിച്ചവരിൽ ആത്മനിയന്ദ്രണം ഉണ്ടാകും (ഗലാത്യർ 5:23). ക്രിസ്തീയ കൃപകളിൽ ഒന്നാണ് ഇന്ദ്രിയ ജയം (2 പത്രോസ് 1:5–8). ഇതു ചെയ്താൽ നിങ്ങൾ ഒരു നാളും ഇടറിപ്പോകാതെ നമ്മുടെ കർത്താവും രക്ഷിതാവുമായ യേശു ക്രിസ്തുവിന്റെ നിത്യ രാജ്യത്തിലേക്കുള്ള പ്രവേശനം ധാരാളമായി പ്രാപിക്കും (2 പത്രോസ് 1:11). നമ്മുടെ ചിന്തകൾ ക്രിസ്തുവിന്റേതായി മാറാൻ ആത്മനിയന്ത്രണം ആവശ്യമാണ്. ദൈവത്തിന്റെ പരിജ്ഞാനത്തിന് വിരോധമയാവയെ ഇടിച്ചുകളഞ്ഞ് സകലവിചാരങ്ങളും സങ്കൽപങ്ങളും മാറ്റി ക്രിസ്തുവിനെ അനുസരിക്കുവാനായി നിയന്ത്രിക്കണം (2 കൊരിന്ത്യർ 10:5).

✶

# എല്ലാം പ്രമാണിക്കൽ

കെവിൻ - കോളേ

മത്തായി 28:18-20 വരെയുള്ള വേദഭാഗങ്ങളിൽ ഈ വാക്കുകൾ കാണുന്നു. ഉയിർത്തെഴുന്നേറ്റ യേശു അപ്പോസ്തോലന്മാരുടെ അടുക്കൽ വന്നു പറഞ്ഞു. ''സ്വർഗ്ഗത്തിലും ഭൂമിയിലും സകല അധികാരവും എനിക്ക് നൽകപ്പെട്ടിരിക്കുന്നു. ആകയാൽ നിങ്ങൾ പുറപ്പെട്ട പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം കഴിപ്പിച്ചും ഞാൻ കൽപിച്ചതൊക്കെയും പ്രമാണിപ്പാൻ തക്കവണ്ണം സകല ജാതികളെയും ശിഷ്യരാക്കിക്കൊൾവീൻ. ഞാനോ ലോകാവസനത്തോളം എല്ലാ നാളും നിങ്ങളോടു കൂടെ ഉണ്ട് എന്നരുളി ചെയ്തു'' (മത്തായി 28:18-20).

തിരുവെഴുത്തിലെ ഈ വേദഭാഗത്തിന്റെ സാർവ്വ ലൗകികത ആർക്കും നിഷേധിക്കാവുന്നതല്ല. സകല അധികാരവും തനിക്ക് നൽകപ്പെട്ടിരിക്കുന്നു എന്നാണ് യേശു പറഞ്ഞു തുടങ്ങിയത്. കുറച്ച് അധികാരം എന്നല്ല, മതപരമായ അധികാരം മാത്രം എന്നല്ല, ധാർമ്മികമായ അധികാരം മാത്രം എന്നല്ല, എന്നാൽ സകല അധികാരവും എന്നാണ് പറഞ്ഞിരിക്കുന്നത്. അതു തന്നെയാണ് യേശുവിനെ കർത്താവായി വെച്ചിരിക്കുന്നു എന്നു പറയുന്നത്. ലോകത്തിൽ ജീവിച്ചു കൊണ്ട് ഒരാൾക്ക് ക്രിസ്ത്യാനിയായി ജീവിക്കാമെന്നുള്ളതാണ് ക്രിസ്തീയ അധികാരത്തിന്റെ പ്രത്യേതക.

സകല ജാതികളേയും ശിഷ്യന്മാരാക്കിക്കൊൾവീൻ എന്നാണ് അടുത്തതായി കർത്താവ് പറഞ്ഞത്. മറ്റൊരു സാർവ്വ കൽപന. നിങ്ങളെ കേൾക്കുന്ന ദേശത്തുള്ളവരെ ശിഷ്യരാക്കിക്കൊൾവീൻ എന്നല്ല യേശു പറഞ്ഞത്. പിന്നെയോ എല്ലാവരെയും ഉൾപ്പെടുത്തിയാണ് കൽപിച്ചത്. ബൈബിൾ ഇല്ലാത്ത ജാതികളെ വിട്ടുകളയുവാനും പറഞ്ഞിട്ടില്ല. സകല ജാതികളെയും ശിഷ്യരാക്കുവാനാണ്. അപ്പോസ്തോലന്മാരെ മൊത്തത്തിൽ ഇതു ഭരമേൽപിക്കുകയാണ് ചെയ്തത്. സകല ജാതികളെയും സുവിശേഷം അറിയിക്കേണ്ട ജോലി എല്ലാവരുടെയും കടമയാണ്. കുറച്ചു പേർ മാത്രം ചെയ്യേണ്ടതല്ല, എല്ലാവരും ചെയ്യണം. സുവിശേഷം കേൾക്കാത്തവർ എങ്ങനെയും രക്ഷ പ്രാപിക്കും എന്നു കരുതിയിരിക്കേ

ണ്ടവരല്ല ക്രിസ്ത്യാനികൾ. സത്യവചനം എല്ലാവരോടും അറിയിക്കേണ്ട ജോലി ക്രിസ്തുവിന്റെ പരിജ്ഞാനം ലഭിച്ചവർക്കാണ്.

എങ്ങനെ ശിഷ്യന്മാരെ ഉണ്ടാക്കണമെന്ന് യേശു അപ്പോസ്തോലന്മാരോട് പറഞ്ഞിരുന്നു സ്നാനപ്പെടുത്തി അവരെ ഉപദേശിക്കണം. അപ്പോസ്തോലന്മാർ തങ്ങളുടെ ജീവിതത്തിൽ അത് പ്രാവർത്തികമാക്കി. ഇതിൽ നിന്നും ഒഴിഞ്ഞു മാറാവുന്നതായിരുന്നില്ല. പഠിപ്പിക്കാതെയോ സ്നാനമേൽക്കാതെയോ ആർക്കും ശിഷ്യരായിത്തീരുവാൻ സാധ്യമല്ല. ക്രിസ്ത്യാനികളിൽ നിക്ഷിപ്തമായ ഈ കൽപന മനുഷ്യജാതി എവിടെയെല്ലാം ഉണ്ടോ അവിടെയെല്ലാം പ്രായോഗികമാക്കണം. ക്രിസ്തു ഉപദേശിച്ചതൊക്കെയും പ്രമാണിപ്പാൻ എല്ലാവരെയും ശിഷ്യന്മാരാക്കണം. അതിൽ ആർക്കും ഒഴിവുകഴിവില്ല. സർവ്വലോകത്തിനും ഈ കൽപനകൾ ആവശ്യമാണ്. അതിൽ ഒന്നും മാറ്റേണ്ടതില്ല. എന്നേക്കും ആളുകൾ പ്രമാണിക്കുവാൻ തന്നിട്ടുള്ളതാണ്. കർത്താവിന്റെ രണ്ടാം വരവ് വരെ തുടരേണ്ടതാണ്.

ഈ വേദഭാഗത്തിൽ നാം തിരിച്ചറിയാതെ പോകുന്ന നിർദ്ദേശങ്ങളെ എടുത്തു കാണിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ക്രിസ്ത്യാനികളായി തീരുന്നതിനു മുൻപു തന്നെ ക്രിസ്തു പഠിപ്പിച്ചതെല്ലാം പഠിപ്പിക്കണമെന്നല്ല പറഞ്ഞിരിക്കുന്നത്. എന്നാൽ ക്രിസ്തുവിന്റെ കൽപനകളെല്ലാം പ്രമാണിക്കുവാൻ ഉപദേശിച്ചു കൊണ്ട് ശിഷ്യരാക്കുവാനാണ് പറഞ്ഞിരിക്കുന്നത്. എന്നാൽ, ക്രിസ്തുവിന്റെ കൽപനകളെല്ലാം പ്രമാണിക്കുവാൻ ഉപദേശിച്ചു കൊണ്ട് ശിഷ്യരാക്കുവാനാണ് പറഞ്ഞിരിക്കുന്നത്. ചിലർ ഇത് തെറ്റായി ധരിച്ചു വെച്ചിരിക്കുന്നു എന്നു സമ്മതിക്കാതെവയ്യ. വളരെ പെട്ടെന്ന് പഠിപ്പിപ്പിക്കുവാൻ പര്യാപ്തമായതുമാണ് ദൈവത്തിന്റെ രക്ഷാപദ്ധതി. ക്രിസ്ത്യാനി ആകുന്നതിനു മുൻപ് വിശ്വസ്തരായി ക്രിസ്തീയ ജീവിതം നയിക്കേണ്ടതെങ്ങനെ എന്ന് ബോധ്യപ്പെടുത്തി കൊടുക്കാം. തുടർച്ചയായി അവർ കർത്താവിന്റെ പരിജ്ഞാനം പഠിച്ചു വളരണം. എല്ലായ്പ്പോഴും അവർ കർത്താവിന്റെ ഉപദേശത്തിൽ നിലനിൽക്കേണ്ടതും അനിവാര്യമാണ്. ചിലർ സ്നാനം കൊടുക്കുവാൻ താമസിക്കുന്നതിന്റെ കാരണം ഇതാണ്.

കർത്താവിനെ അനുസരിക്കേണ്ടത് രക്ഷയ്ക്കു ആവശ്യമാണ്. അനുസരിക്കേണ്ട കാര്യങ്ങളിൽ ആളുകൾ തെറ്റിദ്ധരിക്കപ്പെട്ടിരിക്കുക

യാണ്. കാൽ കഴുകൽ അനുസരിക്കാൻ പ്രേരിപ്പക്കുന്നു. ആഭരണം ഊരൽ അനുസരിപ്പിക്കുന്നു. ചിലർ വിശുദ്ധ ചുംബനവും ആചരിക്കാൻ പറയുന്നു. കർത്താവ് കൽപിച്ചിട്ടുള്ള കാര്യങ്ങളിൽ പ്രാധാന്യം കൊടുക്കാതെ ലൗകികമായ അല്ലെങ്കിൽ സമ്പ്രദായമായ കാര്യങ്ങൾ ചെയ്യിക്കുന്നു. പക്ഷേ പ്രയോജനപ്രദമായ നീതി, കരുണ, ദയ, സ്നേഹം എന്നിവയെ ആളുകൾ അവഗണിക്കുകയുമാണ്. ആളുകളുടെ ചിന്തയ്ക്ക് സാരമായ കുഴപ്പം സംഭവിച്ചിരിക്കുകയാണ്. മനുഷ്യ ജീവിതത്തെ വിശുദ്ധീകരിക്കുന്ന സത്യവചനത്തെയാണ് ആളുകൾ പ്രവൃത്തിയിൽ കൊണ്ടുവരേണ്ടത്.

കർത്താവിന്റെ കൽപനകളിൽ ചിലതു സ്ത്രീകളോടു ചെയ്യുവാൻ പറഞ്ഞിട്ടുണ്ട്. അത് പുരുഷന്മാർ അനുസരിക്കേണ്ടതില്ല. ചില കൽപനകൾ പുരുഷന്മാരോട് കൽപിച്ചിട്ടുണ്ട്. അത് സ്ത്രീകളും അനുസരിക്കേണ്ടതില്ല. ഭാര്യമാരോട് തങ്ങളുടെ ഭർത്താക്കന്മാർക്ക് സകലത്തിനും കീഴ്പ്പെട്ടിരിക്കണം എന്ന് പറഞ്ഞിരിക്കുന്നതു പുരുഷന്മാർ ചെയ്യേണ്ടതിനല്ല (എഫെസ്യർ 5:22). ഇത് എനിക്ക് മറ്റുള്ളവരെ പഠിപ്പിക്കുവാൻ കഴി യും. കർത്താവു കൽപിച്ചിട്ടുള്ള കൽപനകൾ വിവേചിക്കും. കർത്താവിന്റെ മഹത്തായ ആജ്ഞ കർത്താവ് കൽപിച്ചിട്ടുള്ളതു എല്ലാവർക്കും വേണ്ടിയാണ്. പക്ഷേ അത് തരം തിരിച്ച് മനസ്സിലാക്കിയാവണം ഓരോരുത്തരും അനുസരിക്കുവാൻ.

ഒരാൾ മറ്റൊരാളുടെ കാൽകഴുകുന്നു എന്നു വിചാരിക്കുക. അത് ദിസവും ചെയ്യണ്ടേ? (യോഹന്നാൻ 13:14). എന്നാൽ യേശു പഠിപ്പിച്ച മാതൃകയെ മനഃപൂർവ്വം മാറ്റിക്കളയുകയാണ് ഇത്തരം ആക്ഷരികവാദികൾ ചെയ്യുന്നത്. ഉദ്ദേശത്തെ അവർ മനസ്സിലാക്കാതെ പോകുന്നു. ആ പ്രദേശത്തെ ആചാരമായ ഒരു പ്രവൃത്തി എടുത്തുകൊണ്ട് യേശു ശിഷ്യന്മാരെ ഒരു പാഠം പഠിപ്പിക്കുകയാണ് ചെയ്തത്. വേറൊരു രീതിയിൽ പറഞ്ഞാൽ ഉപമകൾ യേശു പഠിപ്പിക്കുന്നതിന്റെ ഉദ്ദേശ്യം അതിലടങ്ങിയിരിക്കുന്ന തത്വം അവരെ പഠിപ്പിക്കുവാൻ വേണ്ടി ഉപയോഗിച്ചതാണ്. സ്ത്രീകൾ ഭർത്താക്കന്മാർക്ക് സകത്തിലും കീഴ്പ്പെട്ടിരിക്കട്ടെ എന്നു പറയുന്നത് അധികാരത്തിന് കീഴ്പ്പെട്ടിരിക്കണം എന്നു കാണിക്കാനാണ്. തലയിൽ മൂടുപടം ഇട്ടു പ്രാർത്ഥിക്കണമെന്ന് പറയുന്നത് അധികാരത്തെ മാനിക്കുവാനാണ്. കർത്തൃമേശ സ്ഥാപിച്ചു കൊണ്ട് കർത്താവ് പറഞ്ഞത്: “എന്റെ ഓർമ്മയ്ക്കായി ഇവ്വണ്ണം ചെയ്വീൻ എന്നാണ്” (1 കൊരിന്ത്യർ 11:24,25). ആക്ഷരികമായി എടുക്കേണ്ടതേതെന്നും തിരിച്ചറിയുകയാണ്

പ്രധാനം. ഉദ്ദാഹരണമായി മാതൃകയായി പറഞ്ഞിരിക്കുന്നവയുണ്ട്. ഓരോരുത്തരും ശരിയായി ബൈബിൾ വായിച്ച് മനസ്സിലാക്കി ജീവിതത്തിൽ അവയുടെ ഉദ്ദേശം നിറവേറ്റണം. വചനം ശക്തമാണ്. പക്ഷേ, അർത്ഥ ശൂന്യമായി അവയെ ഉപയോഗിച്ചാൽ അതിന്റെ ശക്തി അനുഭവിക്കുവാൻ സാദ്ധ്യമല്ല.

✶

# വിവാഹമോചനവും പുനർവിവാഹവും

**ഫ്രാൻസിസ് ഡേവിഡ്**

കുടുംബ ജീവിതം ഛിന്നഭിന്നമായി കൊണ്ടിരിക്കുന്ന കാലയളവിലാണ് നാം ജീവിക്കുന്നത്. പണ്ട് വിരളമായി കേൾക്കാവുന്ന വിവാഹമോചനം ഇന്ന് വളരെയധികം സംഭവിക്കുന്നുണ്ട്. കുടുംബക്കോടതികൾ തന്നെ ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കുവാൻ രൂപപ്പെടുത്തിയിട്ടുണ്ട്. മാധ്യമങ്ങളിൽ നിറഞ്ഞ് നിൽക്കുന്ന ഭാര്യയെ ഉപേക്ഷിക്കുന്നതിനെ കുറിച്ച് ധാരാളം ചോദ്യങ്ങൾ ഉന്നയിക്കുന്നുണ്ട്. ‘‘പരീശന്മാർ അവന്റെ അടുക്കൽ വന്ന് ഏതു കാരണം ചൊല്ലിയും ഭാര്യയെ ഉപേക്ഷിക്കുന്നത് വിഹിതമോ എന്ന് അവനെ പരീക്ഷിച്ചു ചോദിച്ചു. അതിന് അവൻ സൃഷ്ടിച്ചവൻ ആദിയിൽ അവരെ ആണും പെണ്ണുമായി സൃഷ്ടിച്ചു എന്നും അതു നിമിത്തംമനുഷ്യൻ അപ്പനെയും അമ്മയെയും വിട്ടു ഭാര്യയോടു പറ്റി ചേരും. ഇരുവരും ഒരു ദേഹമായി തീരും എന്ന് അരുളി ചെയ്തു എന്നും നിങ്ങൾ വയിച്ചിട്ടില്ലയോ? അതുകൊണ്ട് അവർ മേലാൽ രണ്ടല്ല, ഒരു ദേഹമത്രേ, ആകയാൽ ദൈവം യോജിപ്പിച്ചതിനെ മനുഷ്യൻ വേർപിരിക്കരുത് എന്ന് ഉത്തരം പറഞ്ഞു’’ (മത്തായി 19:3-6).

നിസാരമായ കാരണത്തെച്ചൊല്ലി ഭാര്യയും ഭർത്താവും തമ്മിൽ വേർപിരിയുന്ന സാഹചര്യം ഇന്നു വിരളമല്ല. ഇക്കാലത്ത് മനുഷ്യരുടെ സഹനശക്തി കുറഞ്ഞ് വരികയാണെന്ന് തോന്നുന്നു. വിവാഹത്തിലേക്ക് പ്രവേശിക്കുന്നവർ അതിനു മുൻപ് ശരിയായ അറിവോ പകത്വയോ ഇല്ലാത്തവരായതു കൊണ്ട് ഇങ്ങനെ സംഭവിക്കുന്നുണ്ട്. കാര്യങ്ങൾ വിവേ

ചിക്കാൻ അവർക്ക് കഴിവില്ല. സ്വന്തം താൽപര്യങ്ങളെ മാത്രം കാണുന്ന വർ മറ്റൊരാളുടെ വികാരത്തെയും താൽപര്യങ്ങളെയും മാനിക്കാതിരി ക്കുന്നു. വിട്ടുവീഴ്ച ചെയ്യേണ്ട കാര്യങ്ങളിൽ അവർ വിട്ടുവീഴ്ച ചെയ്യു ന്നില്ല. പരസ്പരം കാര്യങ്ങൾ തുറന്നു പറയാതിരിക്കുന്നതും തെറ്റിദ്ധാ രണയും അവരെ തമ്മിൽ അകറ്റുന്നു. തുറന്ന ആശയവിനിമയം അകൽച്ച ഒഴിവാക്കുവാൻ സഹായിക്കും. ഒരു ദേഷ്യത്തിന് കിണറ്റിൽ ചാടിയാൽ എത്ര മടങ്ങ് കോപം ഉണ്ടെങ്കിലും അതിൽ നിന്നും കയറാൻ സാദ്ധ്യമല്ലോ. അതിരു കവിഞ്ഞ സംസാരം ചിലരെ അപകടത്തിൽ പെടു ത്തുന്നു. പ്രശ്നങ്ങൾ പല വിധത്തിലും വന്നേക്കാം. പക്ഷേ, അത് പരി ഹരിക്കാതെ വെച്ചു കൊണ്ടിരുന്നാൽ സംഗതി വഷളാകും.

വളരെ ആലോചിച്ച് തീരുമാനിക്കേണ്ട ഒന്നാണ് വിവാഹം. രണ്ടു വ്യക്തികൾ അനുഭവസമ്പത്തുള്ള മാതാപിതാക്കളുടെ തീരുമാനപ്രകാര മുള്ള ഒരു തെരഞ്ഞെടുപ്പാണ് നടത്തേണ്ടത്. വിവാഹത്തിനു പ്രായമായ വർ തെരഞ്ഞെടുക്കുന്ന പങ്കാളിയുടെ സ്വഭാവത്തിന് മുൻതൂക്കം കൊടു ക്കാതെയുള്ള ബന്ധത്തിന് ഉലച്ചിൽ തട്ടിയേക്കാം. ഇന്ന് സമൂഹം വില കൽപിക്കുന്നത് എല്ലാത്തിനെക്കാളുപരി പണത്തിനാണ്. ഉദ്യോഗം നോക്കുന്നവരും പണത്തെയാണ് നോക്കുന്നത്. അടിസ്ഥാനപരമായി അവർ പരാജയപ്പെടുവാനുള്ള കാരണം ഇതാണ്. പണത്തെ അവർ വിവാഹ ജീവിതത്തിൽ അതിപ്രാധാന്യം കൊടുത്തു കഴിയുന്നതോടെ അവർക്കിടയിൽ പ്രശ്നങ്ങൾ വരാൻ തുടങ്ങും. ദ്രവ്യാഗ്രഹം സകല വിധ ദോഷത്തിനും കാരണമല്ലോ (1 തിമൊഥെയോസ് 6:10). ഭർത്താവ് ഒരു സ്ഥലത്തും ഭാര്യ വേറൊരു സ്ഥലത്തും ജോലിയിലായിരുന്നാലും അവർക്കിടയിൽ പ്രശ്നങ്ങൾ കടന്നു വരും. കുട്ടികൾ ഉണ്ടാകുമ്പോൾ അത് വീണ്ടും രൂക്ഷമാകും. അന്യോന്യം ബന്ധം സൂക്ഷിക്കുവാനുള്ള ദൈവ കൽപനയാണ് ഭാര്യയ്ക്കും ഭർത്താവിനും ആവശ്യം. പരസ്പര സമ്മതത്തോടെ പ്രാർത്ഥിപ്പാനല്ലാതെ ഭാര്യ ഭർത്താവിനെയും ഭർത്താവ് ഭാര്യയെയും പിരിഞ്ഞിരിക്കരുത്. ഇതാണ് ദൈവത്തിന്റെ നിയമം (1 കൊരി ന്ത്യർ 7:5).

യുവാക്കൾ സ്വയം തിരഞ്ഞെടുക്കുന്ന പങ്കാളികൾ വിവാഹ ശേഷം വിശ്വാസം നഷ്ടപ്പെടാനിടയുണ്ട്. അമിത പ്രതീക്ഷകളാണ് മറ്റൊരു കാരണം. മറ്റുള്ളവരുടെ സംസാരത്തിന് വിധേയരാകുന്നവരും ഇതിൽ കുടുങ്ങി തോറ്റു പോകും. ഒത്ത തുണയായിട്ടാണ് പുരുഷന് ഭാര്യ

ആകേണ്ടത്. ദൈവത്തിന്റെ ആലോചനയിൽ തീരുമാനിക്കപ്പെടണം. എന്തുകൊണ്ടു ഞാൻ അയാളെ പങ്കാളിയാക്കണം എന്നതിന് വചനപ്രകാരം ഉത്തരം കണ്ടെത്തണം. തിരുവെഴുത്ത് പറയുന്ന കാരണത്താലായിരിക്കണം വിവാഹം കഴിക്കേണ്ടത്. പ്രായോഗികമായ നിർദ്ദേശങ്ങൾ ബൈബിളിൽ നിന്ന് ഉൾക്കൊണ്ട് കുടുംബ ജീവിതത്തിലേക്ക് പ്രവേശിക്കണം. നിങ്ങളുടെ കുടുംബ ജീവിതത്തെ നയിക്കേണ്ടത് നിങ്ങളുടെ കുടുംബനാഥനായിരിക്കണം. ദൈവമല്ലാതെ മറ്റാരും നിങ്ങളുടെ കുടുംബ ജീവിതം നയിക്കുവാൻ അനുവദിക്കരുത്. അങ്ങനെ അനുവദിച്ചാൽ അടി തെറ്റിപ്പോകും. വചനപ്രകാരമായിരിക്കണം നിങ്ങൾ കുടുംബജീവിതം നയിക്കേണ്ടത്.

ക്രിസ്തുവിന്റെ സഭയിലുള്ള വിശ്വസ്തരായ പങ്കാളികളെ തിരഞ്ഞെടുക്കുക. കാരണം അവർ ദൈവ വചനം പഠിക്കുന്നവരും അത് പരിശീലിക്കുന്നവരും ആയിരിക്കും. അപ്പോൾ പിന്നെ യോജിച്ചു പോകുന്നതിന് പ്രയാസം നേരിടുകയില്ല. ക്രിസ്ത്യാനികൾക്കിടയിലും പ്രശ്നങ്ങളും പരീക്ഷണങ്ങളും ഉണ്ടാകും. വ്യത്യാസം എന്തെന്നാൽ അവർക്ക് അത് പരിഹരിക്കുവാൻ കഴിയും എന്നതാണ്. നമ്മുടെ ബുദ്ധിയെക്കാൾ ദൈവത്തിന്റെ ബുദ്ധിയെ ഉപയോഗിക്കാൻ അവർക്കു കഴിയും. ആത്മീക ജീവിതം നയിക്കുവാൻ അവർക്ക് കഴിയും. ആത്മീക ജീവിതം നയിക്കുവാൻ എളിമപ്പെടുന്നവർക്ക് വ്യത്യാസം തുറന്നു പറഞ്ഞ് വിലയിരുത്തുവാൻ കഴിയും.

കുടുംബപശ്ചാത്തലം നോക്കണം എന്നു പറയുമ്പോൾ ആൺകുട്ടിയുടെയോ പെൺകുട്ടിയുടെയോ മാതാപിതാക്കളുടെ സ്വഭാവരീതി കുട്ടികളെ സ്വാധീനിക്കാറുണ്ട്. സ്നേഹം ലഭിക്കാത്തവരോ മാതാപിതാക്കളുടെ ക്രൂര സ്വഭാവം കണ്ടു വളർന്ന കുട്ടികളോ ആണെങ്കിൽ ഭാവിയിൽ നിയന്ത്രണമില്ലാത്തവരായിത്തീരും എന്നു കാണാം. ശൺഠയുള്ള മാതാപിതാക്കളുടെ സ്വഭാവം കണ്ടുവളരുന്ന കുട്ടികൾ അവരുടെ ജീവിതത്തിൽ ഇതിന്റെ പ്രതിധ്വനി കാണിക്കും. അതു കൊണ്ട് ദൈവഭയവും ദൈവഭക്തിയുമുള്ള പങ്കാളി തന്നെയാണ് ഉത്തമം. അല്ലാത്തവർക്ക് അടിസ്ഥാനം ഇല്ലാത്തതുകൊണ്ട് അവർ വീണു പോകും.

വിവാഹത്തിനു മുൻപ് തന്നെ അതൊരു നീണ്ട ഉടമ്പടിയാണെന്നു മനസ്സിലാക്കുക. മുൻഗണന ആത്മീയ കാര്യങ്ങൾക്ക് നൽകുക.

എടുത്തു ചാടി ഒരു തീരുമാനത്തിൽ എത്താതിരിക്കുക. സത്യസന്ധതയ്ക്കും വിശ്വസ്തതയ്ക്കും പ്രാധാന്യം കൊടുക്കണം. ബാഹ്യമായ സൗന്ദര്യത്തെക്കാൾ ആത്മീക സൗന്ദര്യത്തിനു ഊന്നൽ കൊടുക്കുക. ഭൗതീക സമ്പത്തിനെക്കാൾ സ്വർഗ്ഗീയ നിക്ഷേപമുള്ള വ്യക്തിയെ കണ്ടെത്തുക. പൂർണ്ണ ഗൗരവത്തോടെയും സമർപ്പണത്തോടെയും ദാമ്പത്യ ജീവിതത്തിലേക്ക് പ്രവേശിക്കുക. വിവാഹം എല്ലാവർക്കും മാന്യമാണ്. പക്ഷേ കിടക്ക നിർമ്മലമായിരിക്കണം (എബ്രായർ 13:4). നിത്യമായ ഒരു ബന്ധം വേണമെന്ന ഒരു ചിന്തയോടെ വിവാഹത്തെ കണക്കാക്കുക. പാപം ഇല്ലാതാക്കുവാനാണ് തിരുവെഴുത്തിൽ വിവാഹം വച്ചിരിക്കുന്നത്. പക്ഷേ അതിനെതിരായി പ്രവർത്തിക്കുന്നവർ ദൈവ കോപത്തിനിരയാകും. അന്തഛിദ്രത്തിനും കലഹത്തിനും വിവാഹമോചനത്തിനും പുനർവിവാഹത്തിനുമെല്ലാം കാരണം അതാണ്. ദൈവത്താൽ അനുഗ്രഹിക്കപ്പെടുന്ന ക്രിസ്തീയ കുടുംബ ജീവിതത്തിന് നിങ്ങൾ ദൈവകരങ്ങളിൽ നിങ്ങളെത്തന്നെ ഭരമേൽപിക്കുക.

✶

### സ്ത്രീകൾക്കു വേണ്ടി

# തെറ്റായ തീരുമാനങ്ങളും നിത്യ ഫലങ്ങളും

**ബെറ്റി ബർട്ടൻ ചോട്ട്**

നാം ജീവിക്കുന്ന ഭൗതിക ലോകത്തിൽ ഭൂരിഭാഗം ആളുകളും തീരുമാനം എടുക്കുന്നവരാണ്. മതം ആവശ്യമില്ല, ദൈവം ആവശ്യമില്ല എന്നൊക്കെ പറയുന്നവരുണ്ട്. മതപരമായ കാര്യങ്ങൾ ചർച്ച ചെയ്യുവാനോ, ശരിയും തെറ്റും വിവേചിക്കാനോ അവർ തയ്യാറാകുന്നില്ല.

മതമെന്നത് ഒരു തടവറയാണ്. പൗരോഹിത്യ വ്യവസ്ഥയാണ്. ശവപ്പെട്ടിയുടെ ഒരുക്കത്തിന് വേണ്ടിയുള്ള ദശാംശം നൽകുന്നത്, പാരമ്പര്യ സിദ്ധാന്തവും എല്ലാം തന്നെ മതം നൽകുന്ന മറ്റൊരു ജീവിതം എന്ന മിഥ്യയ്ക്ക് വേണ്ടിയാണ് എന്ന് കരുതുന്നു. അവർ പറയുന്നത് ശരിയാണെങ്കിൽ മതത്തിന്റെ ആവശ്യമില്ല എന്നു മാത്രമല്ല, മതം കൂടാതെ

അവരുടെ ജീവിതം ശ്രേഷ്ഠമായി തീരുമല്ലോ. അവർ സ്വതന്ത്രരായി വിഹരിക്കുന്നവരാണല്ലോ.

മതമെന്ന ചോദ്യത്തിന് രണ്ടു വശങ്ങൾ ഉണ്ട്. തന്നെ സ്നേഹിക്കുന്ന ആളുകളുമായി ദൈവം നല്ലൊരു ബന്ധം പുലർത്താൻ ആഗ്രഹിക്കുന്നു. അവന് അവരോടുള്ള സ്നേഹവും കരുതലും അവരുടെ ഉയർച്ചയ്ക്ക് വേണ്ടിയുള്ള സഹായവും ലോകത്തിന് അവൻ നൽകിയതായ ദൈവികഗ്രന്ഥത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. എങ്കിലും സാത്താൻ മനുഷ്യർക്ക് സഹായം ആവശ്യമാണെന്നു തിരിച്ചറിയുന്നുണ്ട്. അതുകൊണ്ട് അവൻ ആളുകളെ തെറ്റിദ്ധരിപ്പിക്കുവാൻ സ്നാനമെന്നു തോന്നിപ്പിക്കുന്ന ആശയം ആളുകളിൽ ജനിപ്പിക്കും. അങ്ങനെ ആളുകൾ സത്യ ദൈവത്തെയും ദൈവിക സത്യത്തെയും അറിയാതെ തെറ്റു വിശ്വസിക്കാൻ ഇടയാകും. അതാണ് ഇന്ന് സമൂഹം നേരിടുന്ന പ്രശ്നം.

ലോകത്തിലെ മതങ്ങൾ എല്ലാം ആളുകളിൽ എന്താണ് ജനിപ്പിക്കുന്നത്, ക്രിസ്ത്യാനിത്വം, യഹൂദമതം, ബുദ്ധമതം, ഇസ്ലാം മതം, താവോയിസം, സൊറാസ്റ്റ്റിയനിസം, കത്തോലിസം, പ്രൊട്ടസ്റ്റന്റിസം. അങ്ങനെ ആളുകൾ പിൻപറ്റുന്ന മത സംഘടനകൾ എണ്ണിയാൽ തീരുകയില്ല. ഓരോ മതവും ഓരോ ദൈവത്തെയാണ് എടുത്തുകാട്ടുന്നത്. വ്യത്യസ്ത വിശ്വാസ വ്യവസ്ഥയാണ് ഓരോന്നിനുമുള്ളത്. ഒരാളുടെ ജീവിതത്തിൽ വരുന്ന പാപങ്ങൾക്കുള്ള പരിഹാരവും വ്യത്യസ്തമാണ്. അതുകൊണ്ട് ഏതു മതമാണ് ദൈവത്തിൽ നിന്നുമുള്ളത് എന്ന് ഒരാൾക്ക് എങ്ങനെ അറിയാം? സത്യം ഒന്നേ ഉള്ളൂ. അതാണ് എല്ലാവർക്കും ആവശ്യം.

ഈ കലക്കമുള്ള വ്യത്യസ്ത മനോഭാവത്തിലായിരിക്കുന്ന സ്ഥിതി നിരവധി പേരിൽ ആശയക്കുഴപ്പം ഉണ്ടാക്കിയിരിക്കുകയാണ്. അനവധി ആളുകൾ ദൈവം ആവശ്യമില്ല എന്ന നിഗമനത്തിൽ എത്തുവാനുള്ള കാരണങ്ങളിൽ ഒന്ന് ഇതാണ്. ഈ ഭൗതിക ലോകത്തിൽ ഭൗതികമായി ജീവിച്ചു കളഞ്ഞേക്കാം എന്ന ചിന്തയാണ് അവർക്കുള്ളത്.

എന്നാൽ ഈ നിഗമനം ശരിയാണോ? എന്തും തിരഞ്ഞെടുക്കാൻ മനുഷ്യന് സ്വാതന്ത്ര്യമുണ്ട്. പക്ഷേ, നാം തിരഞ്ഞെടുക്കുന്നതിന്റെ ഫലം നാം തന്നെ അനുഭവിക്കണം. ദൈവമില്ലാത്ത സമൂഹവും ദൈവമില്ലാത്ത മനുഷ്യ ജീവിതവും ദൈവബുദ്ധിയിൽ രൂപപ്പെടുന്നതിനെക്കാൾ നന്നാ

കുന്നുണ്ടോ എന്നു ചിന്തിക്കണം. എല്ലാത്തിനും ഒരടിസ്ഥാനം ആവശ്യമാണ്.

ലോകത്തിലെ ജനങ്ങളുടെ വിശ്വാസങ്ങളും മാനുഷിക ചിന്താഗതിയുടെ ഫലങ്ങളും ദൈവികത്വമില്ലാതെ നയിക്കുന്നതു തന്നെ ഒരു മതമാണ്. അവർ പറയുന്നത് മനുഷ്യരെക്കാൾ വലുതായി മറ്റൊന്നുമില്ല. ജീവിതത്തിൽ നിയമാവലികൾ ഉണ്ടാക്കുന്നതടക്കം എല്ലാ കാര്യങ്ങൾക്കും അവർക്ക് തന്നെയാണ് അവകാശം എന്നത്രേ അവരുടെ നിലപാട്.

മനുഷ്യത്വ വാദഗതിക്കാരുടെ ലക്ഷ്യം എന്താണ്? അവരുടെ സിദ്ധാന്ത രൂപരേഖ എന്നതനുസരിച്ച് വാസ്തവത്തിലുള്ള തെറ്റും ശരിയുമില്ല, സത്യത്തിൽ ഒരു പൂർണ്ണതയുമില്ല. ധാർമ്മികത്വം, വിവാഹം, കുടുംബബന്ധം എന്നിവയിൽ ഒരു നിയമവും നിലനിൽക്കുന്നില്ല.

ഇവരുടെ രീതിയനുസരിച്ച് ദോഷത്തിനും വഞ്ചനയ്ക്കും അനുവാദം കൊടുക്കുന്നു. ഇത് വ്യക്തിപരമായ പ്രയോജനത്തിനു വേണ്ടിയാണെന്നു വിചാരിച്ചേക്കാം. പക്ഷേ, ഇതിനിരയാകുന്നവർ അതിനെ എതിർക്കുന്നവരും മുന്നോട്ട് വരും. നിയമമില്ലാതെ ഒരു രാജ്യത്തിനോ സമൂഹത്തിനോ നിലനിൽക്കുവാനാകുകയില്ല. ഗർഭഛിദ്രം, വ്യഭിചാരം, കൊലപാതകം, സ്വവർഗ്ഗരതി, ബാല്യ ലൈംഗിക പീഢനം, വിവാഹമോചനം എന്നിവ തെറ്റല്ലെന്ന് വാദിക്കുന്നവരുണ്ട്. അതിന്റെ ഫലം അനുഭവിക്കുന്നതിനെക്കുറിച്ച് ചിന്തിക്കാത്തവരാണ്. മനുഷ്യന് എന്തും പറയുവാനും പ്രവർത്തിക്കാനും ഉള്ള സ്വാതന്ത്ര്യം നൽകുന്നത് അരാചകത്വവും അക്രമവും, കൊലയും വ്യഭിചാരവും വർദ്ധിപ്പിക്കുകയേ ഉള്ളൂ.

മനുഷ്യന് ഒരു വഴി ചൊവ്വായി തോന്നും, അതിന്റെ അന്ത്യമോ നാശമത്രേ (സദൃശ്യവാക്യങ്ങൾ 14:12). മുകളിൽ പറഞ്ഞ പ്രവൃത്തിക്കിനിരയായിട്ടുള്ളവർ അവ തിക്തമായ അനുഭവം സൃഷ്ടിക്കും എന്നു സമ്മതിക്കുക തന്നെ ചെയ്യും. ഓരോരുത്തൻ സ്വന്ത മോഹങ്ങൾക്ക് വിധേയമായാണ് പാപം ചെയ്യുന്നത്. പാപം മരണത്തെ ഉളവാക്കുന്നു (യാക്കോബ് 1:14-15).

മനുഷ്യന് സ്വന്തമായി തന്റെ വഴികളെയും കാലടികളെയും ശരിയാക്കുവാൻ സാദ്ധ്യമല്ല (യിരെമ്യാവ് 10:23). ദൈവത്തെ കൂടാതെ ജീവിക്കാൻ കഴിയില്ലെന്ന് പറയുന്നവർ തങ്ങളുടെ ഇഷ്ടപ്രകാരം ജീവിക്കാൻ

ആഗ്രഹിക്കുന്നവരാണ്. അതിനു വേണ്ടി ഒഴിവു കഴിവുകൾ നിരത്തുന്ന ആളുകൾ വളരെയുണ്ട്. അവർ തങ്ങളെത്തന്നെ ത്യാഗത്തിന് ഏൽപിച്ചു കൊടുക്കുന്നവരും മറ്റുള്ളവരെ വഴി തെറ്റിക്കുന്നവരുമാണ്. അവർ ചെയ്യേണ്ടത് സൽബുദ്ധിയോടെ തിരുവെഴുത്തു പരിശോധിക്കുകയാണ്. ദൈവിക പരിജ്ഞാനത്തിൽ എല്ലാക്കാര്യങ്ങളും പ്രയോജനപ്രദമായ രീതിയിൽ വിവേചിക്കാൻ കഴിയും. തികച്ചും പ്രായോഗികം തന്നെയാണ്.

★

# ആരാണീ യേശുക്രിസ്തു?

**ജെ. സി. ചോട്ട്**

ഭൂരിഭാഗം പേരും ഇന്നു ലോകത്തിൽ യേശുക്രിസ്തുവിന്റെ നാമത്തെക്കുറിച്ച് കേട്ടറിവ് ഉള്ളവരായിരിക്കാം. എന്നാൽ കുറച്ചു പേരെങ്കിലും യേശുക്രിസ്തുവിന്റെ നാമത്തെക്കുറിച്ച് കേട്ടിട്ടില്ലാത്തവർ ഉണ്ട്. ഈ കേട്ടറിവുള്ളവരിൽ തന്നെ അധികം പേരും യേശു വാസ്തവത്തിൽ ആരാണെന്നറിയാതെ പരിഭ്രാന്തിയിലാണ്. ദശലക്ഷക്കണക്കിന് ആളുകൾ അവനിൽ വിശ്വസിക്കുന്നുണ്ട്. അതേ പോലെ ദശലക്ഷക്കണക്കിന് ആളുകൾ വിശ്വസിക്കാത്തവരുമുണ്ട്. ആരാണീ യേശുക്രിസ്തു?

ആരംഭത്തിൽ യേശുക്രിസ്തു ദൈവത്തോടു കൂടെയായിരുന്നു. അവൻ ദൈവത്തിന്റെ തേജസ്സിന്റെ പ്രഭയും തത്വത്തിന്റെ മുദ്രയും സകലത്തെയും തന്റെ ശക്തിയുള്ള വചനത്താൽ വഹിക്കുന്നവനും ആക കൊണ്ട് പാപങ്ങൾക്കു പരിഹാരം ഉണ്ടാക്കിയ ശേഷം ഉയരത്തിൽ മഹിമയുടെ വലത്തു ഭാഗത്തു ഇരിക്കുകയും അവൻ ദൈവ ദൂതന്മാരെക്കാൾ വിശിഷ്ടമായ നാമത്തിന് അവകാശിയായതിന് ഒത്തവണ്ണം അവരെക്കാൾ ശ്രേഷ്ഠനായി തീരുകയും ചെയ്തു (എബ്രായർ 1:3-4). വചനം ആയിരുന്ന കർത്താവാണ് ജഡമായി നമ്മുടെ ഇടയിൽ വസിച്ചിരുന്നത്. അവൻ ദൈവത്തോടു കൂടെയും പരിശുദ്ധാത്മാവിനോടു കൂടെയുമായിരുന്ന ഒരു വ്യക്തിയായിരുന്നു യേശു. ദൈവം നിത്യനാണ്; അവന് ആരംഭമോ അവസാനമോ ഇല്ല. യേശുവും അങ്ങനെ തന്നെ (യെശയ്യാവ് 63:16). അവൻ ഇന്നലെയും ഇന്നും എന്നേക്കും ഉള്ളവനത്രേ (എബ്രായർ 13:8). ദൈവസൃഷ്ടയുടെ ആരംഭമാണ് (വെളിപ്പാട് 3:14). അവൻ ആദിയും അന്തവു

മാകുന്നു (വെളിപ്പാട് 22:13).

സകലത്തെയും സൃഷ്ടിച്ച സൃഷ്ടികർത്താവാണ് യേശുക്രിസ്തു. ഉൽപത്തി 1:11-ൽ നാം വായിക്കുന്നത്. ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു എന്നാണ്. എബ്രായ ഭാഷയിൽ ദൈവം എന്ന വാക്ക് ബഹുവചന രൂപത്തിലാണ് ഉപയോഗിച്ചിരിക്കുന്നത്. അതിൽ പിതാവും, വചനവും പരിശുദ്ധാത്മാവും അടങ്ങിയിട്ടുണ്ട്. നാം നമ്മുടെ സ്വരൂപ ത്തിൽ മനുഷ്യനെ സൃഷ്ടിക്കുക എന്നു ദൈവം പരയുന്നുണ്ട് (ഉൽപത്തി 1:26). യേശുക്രിസ്തുവിനെ പറ്റി അപ്പോസ്തോലന്മാർ രേഖപ്പെടുത്തി യിരിക്കുന്നത്: അവൻ അദൃശ്യനായ ദൈവത്തിന്റെ പ്രതിമയും സർവ്വ സൃഷ്ടിക്കും ആദ്യ ജാതനും ആകുന്നു. സ്വർഗ്ഗത്തിലുള്ളതും ഭൂമിയിലു ള്ളതും ദൃശ്യമായതും അദൃശ്യമായതും സിംഹാസനങ്ങൾ ആകട്ടെ, കർത്തൃത്വങ്ങൾ ആകട്ടെ, വാഴ്ചകൾ ആകട്ടെ, അധികാരങ്ങൾ ആകട്ടെ, സകലവും അവൻ മുഖാന്തരം സൃഷ്ടിക്കപ്പെട്ടു; അവൻ മുഖാന്തരവും അവനായിട്ടും സകലവും സൃഷ്ടിക്കപ്പെട്ടിരിക്കുന്നു (കൊലോസ്യർ 1:15-16).

ഭൗമികമായ ഒരു പിതാവ് കൂടാതെ കന്യകയായിരുന്ന മറിയത്തി ലൂടെ യേശു ഈ ഭൂമിയിൽ മനുഷ്യനായി പിറന്നു. ദൈവശക്തിയിലാ യിരുന്നു ഇത് സംഭവിച്ചത്. അനേക നൂറ്റാണ്ടുകൾക്കു മുമ്പു തന്നെ യെശ യ്യാവ് പ്രവാചകൻ ഈ പ്രത്യേക ജനനത്തെ മുന്നറിയിച്ചിരുന്നു. ആക യാൽ കർത്താവ് തന്നെ നിങ്ങൾക്ക് ഒരു അടയാളം തരും. കന്യക ഗർഭം ധരിച്ച് ഒരു മകനെ പ്രസവിക്കും; അവന് ഇമ്മാനുവേൽ എന്നു പേർ വിളിക്കപ്പെടും. പരിശുദ്ധാത്മാവിനാലായിരുന്നു മറിയ ഗർഭിണിയായത്. അവൻ തന്റെ ജനത്ത അവരുടെ പാപങ്ങളിൽ നിന്നു രക്ഷിപ്പാനിരിക്കുക കൊണ്ട് നീ അവന് യേശു എന്നു പേർ ഇടേണം എന്നു ഗബ്രിയേൽ ദൂതൻ മറിയയെ വിവാഹനിശ്ചയം ചെയ്തിരുന്ന യോസേഫിനോട് അരു ളിചെയ്തു. ഈ വാക്യങ്ങളിൽ നിന്നും യേശുവിന്റെ ജനനം അത്ഭുതക രമായിരുന്നു എന്നും കാണാം. അവൻ വെറുമൊരു മനുഷ്യൻ മാത്രമാ യിരുന്നില്ല.

തന്നെത്താൻ ഒഴിച്ചു മനുഷയ വേഷമെടുത്ത് യേശു ദൈവത്തോ ടുള്ള സമത്വം സ്വർഗ്ഗത്തിൽ ഉപേക്ഷിച്ചാണ് വന്നത്. ഭൗതിക ജനനം സ്വീകരിച്ചതോടു കൂടെ അവൻ മനുഷ്യരുടെ ഒരു സഹോദരനായി തീർന്നു

(ഫിലിപ്പിയർ 2:6–8). മനുഷ്യരെ അവരുടെ പാപങ്ങളിൽ നിന്നു മോചിപ്പിക്കാനാണ് അവൻ ഈ ഭൂമിയിലേക്ക് വന്നത്. ദൈവം തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചു പോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു. തന്റെ മകനെ അയച്ചത് ലോകത്തെ വിധിപ്പാനല്ല ; ലോകം അവനാൽ രക്ഷിക്കപ്പെടുവാനത്രേ (യോഹന്നാൻ 3:16–17).

യേശു ദൈവ പുത്രനാണെന്നു തെളിയിക്കുന്നതിനു അവൻ ധാരാളം അത്ഭുതങ്ങൾ പ്രവർത്തിച്ചിട്ടുണ്ട്. ഈ പുസ്തകത്തിൽ എഴുതിയിരിക്കുന്നതല്ലാതെ മറ്റ് അനേകം അത്ഭുതങ്ങൾ പ്രവർത്തിച്ചിട്ടുണ്ട്. ഈ പുസ്തകത്തിൽ എഴുതിയിരിക്കുന്നതല്ലാതെ മറ്റനേകം അത്ഭുതങ്ങളും യേശു തന്റെ ശിഷ്യന്മാർ കാൺകെ ചെയ്തു. എന്നാൽ യേശു ദൈവപുത്രനായ ക്രിസ്തു തന്നെ എന്ന് നിങ്ങൾ വിശ്വസിക്കേണ്ടതിന് വിശ്വസിച്ചിട്ട് അവന്റെ നാമത്തിൽ നിങ്ങൾക്കു ജീവൻ ഉണ്ടാകേണ്ടതിനും ഇത് എഴുതിയിരിക്കുന്നു (യോഹന്നാൻ 20:30–31).

യേശു, ക്രൂശിൽ മരിച്ചതുകൊണ്ട് അവനിൽ വിശ്വസിക്കുന്നവർക്ക് രക്ഷയ്ക്കും നിത്യജീവനും ഉള്ള പ്രത്യാശ ഒരുക്കി. പൗലോസ് അപ്പോസ്തോലൻ പറയുന്നത്: എന്നാൽ സഹോദരന്മാരേ, ഞാൻ നിങ്ങളോട് സുവിശേഷിച്ചത് വൃഥാവില്ലെന്നു വരികിൽ നിങ്ങൾ രക്ഷിക്കപ്പെടുന്നതുമായ സുവിശേഷം നിങ്ങൾ പിടിച്ചുകൊണ്ടാൽ ഞാൻ ഇന്ന വിധം നിങ്ങളോട് സുവിശേഷിക്കുന്നു എന്ന് നിങ്ങളെ ഓർമ്മിപ്പിക്കുന്നു. ക്രിസ്തു നമ്മുടെ പാപങ്ങൾക്ക് വേണ്ടി തിരുവെഴുത്തുകളിൻ പ്രകാരം മരിച്ചു അടക്കപ്പെട്ട് തിരുവെഴുത്തിൻ പ്രകാരം മൂന്നാം നാൾ ഉയിർത്തെഴുന്നേറ്റ് കേഫാവിനും പിന്നെ പന്തിരുവർക്കും പ്രത്യക്ഷനായി എന്നിങ്ങനെ ഞാൻ ഗ്രഹിച്ചത് നിങ്ങൾക്ക് ഏൽപിച്ചു തന്നുവല്ലോ എന്നത്രേ (1 കൊരിന്ത്യർ 15:1–4).

തന്റെ കൽപനകൾ പ്രമാണിച്ച് തന്റെ ഭവനമാകുന്ന സഭയിൽ വിശ്വസ്തമായി ജീവിക്കുന്നവരെ അവൻ രക്ഷിക്കും (മത്തായി 16:16 ; പ്രവൃത്തി 20:28). അവൻ രക്തം ചിന്തിയത് സഭയെ വിലയ്ക്കു വാങ്ങുവാനായിരുന്നു. അവന്റെ രക്തത്താൽ വിശുദ്ധീകരണം ലഭിച്ചവരെ അവൻ രക്ഷിച്ച് തന്റെ സഭയിലേക്ക് ചേർക്കുന്നു. സഭ അവന്റെ ശരീരമാണ്. ആ ശരീരത്തിന്റെ തലയാണ് ക്രിസ്തു (എഫെസ്യർ 5:23–25 ; 3:15 ; പ്രവൃത്തി

2:47 ; 4:12). അവൻ സഭയുടെ രക്ഷിതാവാണ്. ഒരിക്കൽ വീണ്ടും വന്ന് ആ സഭയെ പിതാവിനു ഏൽപിച്ചു കൊടുക്കും.

നമുക്ക് ഒരേ ഒരു പിതാവും ഒരേ ഒരു കർത്താവും ഒരേ ഒരു ആത്മാവും മാത്രമേയുള്ളൂ. മതപരമായി സകല അധികാരവും യേശു ക്രിസ്തുവിനാണുള്ളത്. അവൻ മാത്രമാണ് മനുഷ്യർക്കും ദൈവത്തിനും മദ്ധ്യേയുള്ള ഏക മദ്ധ്യസ്ഥൻ. സ്വർഗ്ഗത്തിൽ പിതാവിന്റെ വലതു ഭാഗത്ത് ഇരുന്നു അവൻ നമുക്കു വേണ്ടി പക്ഷവാദം ചെയ്യുന്നു. അവൻ വീണ്ടും വരുമ്പോൾ അവനെ അനുസരിച്ച് ജീവിച്ചവരെ തന്റെ പിതാവിന്റെ ഭവനത്തിലേക്ക് ആനയിക്കുന്നു (യോഹന്നാൻ 14:1-3).

✶

# സത്യത്തെ അവഗണിക്കൽ

**ജോണി രാംസെ**

ശരിയായി ദൈവത്തെ ആരാധിക്കുവാൻ കുഴപ്പം നേരിടുമ്പോഴും ദൈവത്തെ സേവിക്കാൻ തടസ്സം നേരിടുമ്പോഴും ജീവിതം കഠിനമാകുന്നു (മലാഖി 1:13). സൃഷ്ടിയും സൃഷ്ടികർത്താവും തമ്മിലുള്ള ബന്ധം വേർപിരിക്കാൻ പറ്റാത്ത ഒന്നാണ്. നമ്മുടെ ജീവനെക്കാൾ വലിയവനാണ് നമ്മുടെ രക്ഷിതാവ്. ഓരോ ദിവസവും നാം അവനോട് കൂടുതൽ പറ്റിച്ചേരുകയാണ് വേണ്ടത്. അവന്റെ ശുദ്ധീകരണ ശക്തിയും ത്രസിപ്പിക്കുന്ന സ്നേഹവും ആണ് നമ്മെ അവനുമായി ബന്ധിപ്പിക്കുന്നത്.

നാം എസ്രാ ശാസ്ത്രിയെ പോലെ കർത്താവിന്റെ ന്യായപ്രമാണങ്ങളെ വായിച്ച് ഗ്രഹിച്ച് പ്രമാണിച്ചാൽ സ്വാഭാവികമായും ശക്തമായ ജീവിതം നയിക്കുവാൻ നമുക്കു കഴിയും. തന്നെയുമല്ല, വിശ്വാസ വ്യവസ്ഥയിൽ നിന്നും വഴുതിപ്പോകുവാൻ സാദ്ധ്യതയുള്ളവർക്ക് നാം സഹായകരമായി തീരുകയും ചെയ്യും. ദുരുപദേഷ്ടാക്കളും കള്ള പ്രവാചകന്മാരും മുമ്പുണ്ടായിരുന്നതു പോലെ ഈ കാലയളവിലുമുണ്ട് (2 പത്രോസ് 2:1 ; 1 യോഹന്നാൻ 4:1). ദൈവ വചനമെന്ന ശക്തമായ ആത്മാവിന്റെ വാളിനാൽ അത് എതിർക്കേണ്ടതാണ് (എഫെസ്യർ 6:17). സുവിശേഷത്തെ കോട്ടി മറിച്ചു കളയുന്നവരെ പുറത്തു കാണിക്കുകയും അവ

രോട് ക്ഷമിക്കുകയും ചെയ്യരുത്. അവർ തെറ്റ് തിരുത്തിയാൽ ക്ഷമിക്കാം (ഗലാത്യർ 1:6-9 ; 2 യോഹന്നാൻ 9-11). എന്തു സംഭവിച്ചാലും നാം മനുഷ്യരെക്കാൾ ദൈവത്തെ അനുസരിക്കേണ്ടതാകുന്നു (പ്രവൃത്തി 5:29). അതു നാം ധൈര്യത്തോടെ ചെയ്യണം (പ്രവൃത്തി 14:3).

അതു പോലെയുള്ള കാര്യങ്ങൾ ധൈര്യപൂർവ്വം പ്രവർത്തിക്കാതിരിക്കുന്നതു ആരോഗ്യപരമോ നല്ല പരീക്ഷണമോ ആകുകയില്ല. നമ്മുടെ രക്ഷിതാവ് തരുന്ന സന്ദർഭത്തെ എതിർക്കുകയാണ് അവർ ചെയ്യുന്നത്. നാം തിരുവെഴുത്തിലെ യാഥാർത്ഥ്യ ബോധത്തെ വായിച്ച് ബന്ധപ്പെട്ട് സാത്താനോട് ഒരു യുദ്ധത്തിനു തയ്യാറാകുമെങ്കിൽ സംശയത്തെ ദുരീകരിക്കാനും അവന്റെ പരീക്ഷണത്തിൽ പരാജിതരാകാതിരിക്കാനും കഴിയും. കൂടാതെ, നിരന്തരമായ പ്രാർത്ഥനയും കടമകൾ നിർവ്വഹിക്കുന്നതും നാം മുടക്കരുത്. നമ്മുടെ എതിരാളിയും ശത്രുവും ശക്തനാണെങ്കിലും അവന്റെ ശക്തിയെക്കാൾ നമ്മുടെ ദൈവം ശക്തനാണെന്ന് നാം തിരിച്ചറിയണം (1 യോഹന്നാൻ 4:4 ; 3:8 ; 5:4). സത്യത്തിന് ഒരു വിട്ടുവീഴ്ചയും ചെയ്യരുത് (മത്തായി 12:30). ഇരുളിനും വെളിച്ചത്തിനും തമ്മിൽ യാതൊരു ബന്ധവുമില്ല (2 കൊരിന്ത്യർ 6:14). നിർമ്മലവും ശക്തവുമായ വചനത്തിന് പകരമായി മറ്റൊന്നില്ല (യെശയ്യാവ് 30:10 ; യിരെമ്യാവ് 9:3).

നമുക്ക് തിരഞ്ഞെടുക്കുവാൻ മറ്റൊന്നില്ല. യോശുവ പറഞ്ഞതുപോലെ പറയുവാനേ സാധിക്കൂ. 'ഞാനും എന്റെ കുടുംബവുമോ ഞങ്ങൾ യഹോവയെ സേവിക്കും'. ജീവനെയും മരണത്തെയും നോക്കുമ്പോൾ അതിനെക്കാൾ വലുതാണ് സത്യം. വിശ്വാസ ത്യാഗത്തെ നാം കണ്ടുകൊണ്ടാണ് ജീവിക്കുന്നത്. പഴയ ലൗകിക മനുഷ്യനായ പാപ ജീവിതത്തെ വിട്ടു കളഞ്ഞ് ദൈവ സന്നിധിയിൽ വന്നു നാം സന്തോഷവും ദൈവ മഹത്വവും അനുഭവിച്ചവരാണ് (വെളിപ്പാട് 14:13).

സുവിശേഷത്തിന്റെ ശത്രുക്കൾ ഒന്നാം നൂറ്റാണ്ടിൽ ദൈവ കുഞ്ഞാടിന്റെ അനുയായികളെ ഉപദ്രവിക്കുകയും തടവിലാക്കുകയും അറുക്കുകയും ചെയ്തിട്ടുണ്ട്. യെഹൂദാമതം, തത്വശാസ്ത്രം, റോമൻ എതിർപ്പ് എന്നിവ യോജിച്ച് ക്രിസ്ത്യാനിത്വത്തിന്റെ ശത്രുക്കളായി മാറി. അനേകം ചരിത്രകാരന്മാർ പറഞ്ഞതുപോലെ വീണ്ടെടുപ്പുകാരന്റെ സൈന്യമായിരുന്നു വിജയിച്ചത്. കാരണം ക്രിസ്ത്യാനിത്വത്തെ ഇല്ലാതാക്കാൻ

അവർക്കൊന്നും കഴിഞ്ഞില്ല.രക്തസാക്ഷികൾ ചൊരിഞ്ഞ രക്തം രാജ്യത്തിന്റെ വ്യാപ്തിക്കു നിമിത്തമായി തീർന്നു. വിശ്വാസത്യാഗം നമ്മുടെ കാലയളവിലും തല പൊക്കുന്നുണ്ട്. ആ തെറ്റിനെ പരാജയപ്പെടുത്തുവാൻ നമ്മിലെ നന്മ ഉണരണം. ആരാധനയുടെ കാര്യത്തിലും, ഉപദേശത്തിലും, ധാർമ്മികതയിലും വിവാഹത്തിലോ, ഉപേക്ഷണകാര്യത്തിലോ, ശവസംസ്കാര കാര്യത്തിലോ, അധികാരികളുടെ മുൻപിലോ നാം നമ്മുടെ മുട്ട് മടക്കാനിടയാകരുത്. യേശുക്രിസ്തുവിന്റെ മുൻപിൽ മാത്രമേ നമ്മുടെ മുട്ടു മടങ്ങാവൂ. നാം എവിടെയായിരുന്നാലും, പ്രസംഗ പീഠത്തിലും, ക്ലാസിലും, കോളേജിലും പ്രവൃത്തി മേഖലകളിലും, വീട്ടിലും, തെരുവിലും, വ്യക്തിപരമായ പ്രവർത്തനങ്ങളിലും നാം ദൈവ വചനത്തോടു സത്യസന്ധത പുലർത്തി ജീവിക്കണം. നാം ധാർമ്മികതയിലും ആധുനികതയിലും വ്യക്തിപരമായ നിർമ്മലത സൂക്ഷിക്കണം. നാം ക്രിസ്തുവിനുള്ളവരാമെന്ന ഓർമ്മ വിട്ടുകളയരുത്.

വിശ്വാസത്യാഗം നമ്മുടെ കാലയളവിലും സംഭവിക്കുന്നു. ക്രിസ്തുവിന്റെ അധികാരത്തെ ഉപേക്ഷിച്ച് മാനുഷിക അധികാരത്തിനു കീഴ്പ്പെടുന്നവരാണവർ. റേഡിയോ, ടെലിവിഷൻ, പേപ്പർ, മാസിക തുടങ്ങിയ വിവിധ മാദ്ധ്യമങ്ങളിലൂടെ ദുരുപദേശങ്ങൾ ഓരോ ഭവനത്തിലും എത്തിക്കുന്നുണ്ട്. എന്നാൽ നാം ബൈബിൾ വിശ്വാസവും, ബൈബിൾ പ്രകാരമുള്ള ആരാധനയും ബൈബിൾ അനുസരിച്ചുള്ള ജീവിതവും നയിക്കണം (ഫിലിപ്പിയർ 3:14).

★

# നല്ലവരായ എല്ലാവരും രക്ഷിക്കപ്പെടുമോ?

**റോഡ് റുതർഫോർഡ്**

പലപ്പോഴും ആളുകൾ പറഞ്ഞു കേട്ടിട്ടുള്ളത്; നല്ലവരായ ആളുകൾ എല്ലാം രക്ഷിക്കപ്പെടും ; അവരെ ഒന്നും ദൈവം നശിപ്പിക്കുകയില്ല എന്നാണ്. അതിൽ അവർ അർത്ഥമാക്കുന്നത് എല്ലാ വിഭാവങ്ങളിലും ഉൾപ്പെടുന്ന ധാർമ്മികരായ നല്ലവരെയാണ്. ഒരു വിഭാഗത്തിലും ഒരു സഭയിലും അംഗ

മാകാത്ത നല്ലവരും ഇവരുടെ പരിഗണനയിൽ ഉണ്ട്. അവരും രക്ഷിക്കപ്പെടും എന്നാണ് ഇവർ കരുതുന്നത്. എല്ലാ നല്ലവരായ ആളുകളും രക്ഷിക്കപ്പെടുമോ? സത്യവേദപുസ്തകം എന്താണ് പറയുന്നത്? മതപരമായ ഏതു ചോദ്യങ്ങൾക്കും ആധികാരികമായ ഉത്തരം ബൈബിളിലാണല്ലോ ഉള്ളത്. ഒരാൾക്ക് തന്റേതായ നന്മ വേണ്ടത്ര ചെയ്തു രക്ഷ നേടുവാൻ സാദ്ധ്യമല്ല എന്നാണ് ബൈബിൾ പറയുന്നത്. ജനങ്ങൾക്ക് അവരുടെ സൽപ്രവൃത്തികളാൽ രക്ഷ നേടാൻ കഴിയുമായിരുന്നുവെങ്കിൽ ക്രിസ്തു മരിക്കേണ്ട ആവശ്യം ഉണ്ടാകുമായിരുന്നില്ലല്ലോ. കൃപയാലല്ലോ നിങ്ങൾ വിശ്വാസം മൂലം രക്ഷിക്കപ്പെട്ടിരിക്കുന്നത്: അതിനും നിങ്ങൾ കാരണമല്ല; ദൈവത്തിന്റെ ദാനമത്രെയാകുന്നു. ആരും പ്രശംസിക്കാതിരിപ്പാൻ പ്രവൃത്തികളും കാരണമല്ല (എഫെസ്യർ 2:8–9). റോമർക്ക് ലേഖനം എഴുതുമ്പോൾ പൗലോസ് പറയുന്നത്; ക്രിസ്തുവോ നാം ബലഹീനർ ആയിരിക്കുമ്പോൾ തന്നെ തക്ക സമയത്ത് അഭക്തർക്ക് വേണ്ടി മരിച്ചു. നീതിമാനു വേണ്ടി ആരെങ്കിലും മരിക്കുന്നത് ദുർലഭം; ഗുണവാന് വേണ്ടി പക്ഷേ മരിപ്പാൻ തുനിയുമായിരിക്കും. ക്രിസ്തുവോ നാം പാപികൾ ആയിരിക്കുമ്പോൾ തന്നെ നമുക്കു വേണ്ടി മരിക്കുകയാൽ ദൈവം തനിക്ക് നമ്മോടുള്ള സ്നേഹത്തെ പ്രദർശിപ്പിക്കുന്നു (റോമർ 5:6–8).

നന്മയും തിന്മയും വിവേചിച്ചറിയാൻ തക്ക പ്രായത്തോളം ജീവിച്ച ഏറ്റവും നല്ല ആളുകൾ പോലും പാപം ചെയ്യാതെ ജീവിച്ചിട്ടില്ല. ബൈബിൾ പറയുന്നു, എന്നാൽ നമുക്ക് എന്തെങ്കിലും പ്രത്യേകതയുണ്ടോ? ഇല്ല, ഒരു വിധത്തിലുമില്ല. യഹൂദന്മാരും ജാതികളും ഒരുപോലെ പാപത്തിൻ കീഴിലായി, നീതിമാൻ ആരുമില്ല; ഒരുത്തൻ പോലുമില്ല. എല്ലാവരും പാപം ചെയ്ത് ദൈവതേജസ് ഇല്ലാത്തവരായി (റോമർ 3:9 ; 10:23). ധാർമ്മികമായി നല്ലൊരു മനുഷ്യനെ അപ്പോസ്തോല പ്രവൃത്തി പത്താം അദ്ധ്യായത്തിൽ നാം വായിക്കുന്നു. മത ഭക്തനായിരുന്ന ഒരു നല്ല മനുഷ്യനായിരുന്നു അവൻ. ധർമ്മം കൊടുക്കുന്നവനുമായിരുന്നു. എന്നാൽ അവൻ രക്ഷിക്കപ്പെട്ടിട്ടില്ലായിരുന്നു. ഈ വ്യക്തിയെക്കുറിച്ച് തിരുവെഴുത്തു പറയുന്നതെന്താണെന്നു നോക്കാം. കൈസര്യയിൽ ഇത്താലിക്ക എന്ന പട്ടാളത്തിൽ കൊർന്നല്യോസ് എന്നു പേരുള്ള ശധാതിപൻ ഉണ്ടായിരുന്നു. അവൻ ഭക്തനും തന്റെ സകല ഗൃഹത്തോടും കൂടെ ദൈവത്തെ മയപ്പെടുന്നവനുമായി ജനത്തിന് വളരെ ധർമ്മം കൊടുത്തും പലപ്പോഴും ദൈവത്തോടു പ്രാർത്ഥിച്ചും പോന്നു

(പ്രവൃത്തി 10:1-2). ഏക സത്യ ദൈവത്തിൽ വിശ്വസിച്ചിരുന്ന, ആരാധിച്ചിരുന്ന വ്യക്തിയായിരുന്നു. ദൈവത്തെ ഭയപ്പെടുവാൻ അവൻ തന്റെ ഭവനത്തെയും പഠിപ്പിച്ചിരുന്നു. സദാ പ്രാർത്ഥിക്കുന്നവനുമായിരുന്നു. ദയാതൽപരനായിരുന്നതു കൊണ്ട് സാധുക്കളെ സഹായിക്കുകയും ചെയ്തിരുന്നു. അങ്ങനെ വിശ്വാസവും നല്ല പ്രവൃത്തികളും എല്ലാം അവനിൽ ഉണ്ടായിരുന്നിട്ടുപോലും അവനും രക്ഷ ആവശ്യമായിരുന്നു.

അവൻ തന്റെ വീട്ടിൽ ഒരു ദൂതൻ നിൽക്കുന്നതു കണ്ടു എന്നും നീ യോപ്പയിലേക്ക് ആളയച്ച് പത്രോസ് എന്നു മറുപേരുള്ള ശീമോനെ വരുത്തുക ; നിന്റെ ഗൃഹം മുഴുവനും രക്ഷിക്കപ്പെടുവാനുള്ള വാക്കുകളെ അവൻ നിന്നോട് സംസാരിക്കും എന്ന് ദൂതൻ പറഞ്ഞു എന്നും ഞങ്ങളോട് അറിയിച്ചു. എല്ലാ നല്ലവരായ ആളുകളും രക്ഷിക്കപ്പെടുമോ എന്നു ചോദിച്ചാൽ അവരുടെ പ്രവൃത്തികളാൽ ഇല്ല എന്നതാണ് ഉത്തരം. നല്ലവരായ ആളുകൾ പോലും പാപം ചെയ്തിട്ടുണ്ട്. ഒരു വ്യക്തിയുടെ പാപം പോലും അയാളെ സ്വർഗ്ഗത്തിൽ നിന്നു അകറ്റി നിർത്തിയേക്കാം. കുഞ്ഞാടിന്റെ ജീവ പുസ്തകത്തിൽ എഴുതിയിരിക്കുന്നവരല്ലാതെ അശുദ്ധമായത് യാതൊന്നും മ്ലേച്ഛതയും ഭോഷ്ക്കും പ്രവർത്തിക്കുന്നവർ ആരും അതിൽ കടക്കുകയില്ല (വെളിപ്പാട് 21:27). ന്യായപ്രമാണത്തിലായിരുന്നവർ ഒന്നിൽ തെറ്റിയാൽ സകലത്തിലും തെറ്റുകാരനായി തീർന്നു എന്നാണ് പറഞ്ഞിരിക്കുന്നത്. ക്രിസ്തുവിനും ക്രിസ്തുവിന്റെ യാഗത്തിനുമാണ് പാപം മോചിപ്പിക്കുവാൻ കഴിയുന്നത് (വെളിപ്പാട് 1:5). ഇത് സാദ്ധ്യമാകുന്നത് നാം ക്രിസ്തുവിന്റെ സുവിശേഷവുമായി ബന്ധപ്പെടുമ്പോഴാണ്. ഇനി താമസിക്കുന്നത് എന്ത്? എഴുന്നേറ്റ് കർത്താവിന്റെ നാമം വിളിച്ചപേക്ഷിച്ചു സ്നാനമേറ്റ് നിന്റെ പാപങ്ങളെ കഴുകിക്കളയുക എന്ന് അനന്യാസ് ശൗലിനോട് പറയുകയുണ്ടായി (പ്രവൃത്തി 22:16). മതപരമായ എല്ലാ നല്ല ആളുകളും, ധാർമ്മികരായ എല്ലാ നല്ല ആളുകളും അവരുടെ നല്ല പ്രവൃത്തികളാൽ രക്ഷക്കപ്പെടുമെന്ന് ഒരിക്കലും കരുതേണ്ട. ദൈവത്താൽ നീതികരിക്കപ്പെട്ടാൽ മാത്രമേ നാം നീതിമാന്മാരാകുകയുള്ളൂ. സ്വർഗ്ഗസ്ഥനായ എന്റെ പിതാവ് നട്ടിട്ടില്ലാത്ത തൈ ഒക്കെയും വേരോടെ പിഴുതു പോകും എന്ന് കർത്താവ് അരുളി ചെയ്തിട്ടുണ്ട്.

✶

# സ്നേഹത്തിൽ വെളിച്ചം പോലെ പ്രകാശിക്കുക

ബി. ജെ. ക്ലാർക്ക്

വക്രതയും കോട്ടവുമുള്ള തലമുറയുടെ മദ്ധ്യത്തിലാണ് നാം ജീവിക്കുന്നത്. അവരുടെ ഇടയിൽ നാം അഥവാ ദൈവമക്കൾ വെളിച്ചമായി പ്രകാശിക്കണം (ഫിലിപ്പിയർ 2:15). അങ്ങനെ തന്നെ മനുഷ്യർ നിങ്ങളുടെ നല്ല പ്രവൃത്തികളെ കണ്ടു സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിനെ മഹത്വപ്പെടുത്തേണ്ടതിന് നിങ്ങളുടെ വെളിച്ചം അവരുടെ മുൻപിൽ പ്രകാശിക്ക ട്ടെ. ക്രിസ്തുവിന്റെ തേജസുള്ള സുവിശേഷത്തിന്റെ പ്രകാശനം ശോഭിക്കാതിരിക്കാൻ ഈ ലോകത്തിന്റെ ദൈവം അവിശ്വാസികളുടെ മനസ്സ് കുരുടാക്കി (2 കൊരിന്ത്യർ 4:4). ഇരുട്ടിൽ നിന്നു വെളിച്ചം പ്രകാശിക്കണം എന്ന് അരുളി ചെയ്ത ദൈവം യേശുക്രിസ്തുവിന്റെ മുഖത്തിലുള്ള ദൈവ തേജസിന്റെ പരിജ്ഞാനം വിളങ്ങേണ്ടതിന് ഞങ്ങളുടെ ഹൃദയങ്ങളിൽ പ്രകാശിപ്പിച്ചിരിക്കുന്നു (2 കൊരിന്ത്യർ 4:6). ക്രിസ്ത്യാനികളെ കുറിച്ച് അപ്പോസ്തോലന്മാർ പറയുന്നത്: മുമ്പെ നിങ്ങൾ ഇരുളായിരുന്നു ; ഇപ്പോഴോ കർത്താവിന്റെ വെളിച്ചമാകുന്നു. കർത്താവിനു പ്രസാദമായതു എന്തെന്ന് പരിശോധിച്ചു കൊണ്ട് വെളിച്ചത്തിലുള്ളവരായി നടന്നു കൊൾവീൻ (എഫെസ്യർ 4:8-9). വെളിച്ചത്തിന്റെ മക്കളായി തീർന്നവർക്ക് ഇരുട്ടിന്റെ നിഷ്ഫല പ്രവൃത്തികളോട് യാതൊരു കൂട്ടായ്മയുമില്ല. കാരണം, വെളിച്ചത്തിന് ഇരുട്ടിനോട് സഖ്യതയില്ല. നിങ്ങൾ അവിശ്വാസികളോട് ഇണയില്ലാപിണ കൂടരുത്. നീതിക്കും അധർമ്മത്തിനും തമ്മൽ എന്തൊരു ചേർച്ച? വെളിച്ചത്തിനു ഇരുളിനോട് എന്തു കൂട്ടായ്മ? (2 കൊരിന്ത്യർ 6:14). വിശുദ്ധന്മാർക്ക് വെളിച്ചത്തിലുള്ള അവകാശത്തിനായി നമ്മെ പ്രാപ്തന്മാരാക്കുകയും നമ്മെ ഇരുട്ടിന്റെ അധികാരത്തിൽ നിന്നും വിടുവിച്ചു തന്റെ സ്നേഹരൂപനായ പുത്രന്റെ രാജ്യത്തിലാക്കി വെക്കുകയും ചെയ്ത ദൈവത്തിന് സന്തോഷത്തോടെ സ്തോത്രം ചെയ്യുന്നവരാകണം എന്ന് അപേക്ഷിക്കുന്നു (കൊലോസ്യർ 1:12-13). പാപത്തിന്റെ അന്ധകാരം നിറഞ്ഞ ഈ ലോകത്തിൽ പല വിധത്തിൽ നമ്മിലുള്ള വെളിച്ചത്തെ പ്രകാശിപ്പിക്കുവാൻ കഴിയും. സ്നേഹം എന്ന സ്വഭാവത്തെ പ്രാവർത്തികമാക്കുന്നതിനെക്കാൾ മറിച്ച് വേറൊരു

വഴിയും ഉണ്ടെന്ന് എനിക്കു തോന്നുന്നില്ല. യേശുക്രിസ്തുവും ഒരു ന്യായ ശാസ്ത്രിയും തമ്മിലുള്ള സംഭാഷണത്തിൽ സ്നേഹത്തിന്റെ പ്രാധാന്യത്തെ കാണാൻ കഴിയും. ന്യായശാസ്ത്രി യേശുവിനെ പരീക്ഷിക്കുന്നതിനു വേണ്ടിയാണ് വന്നത്. ന്യായപ്രമാണത്തിൽ ഏറ്റവും വലിയ കൽപന ഏതെന്നായിരുന്നു അവന്റെ ചോദ്യം. യേശു അവനോട് ഉത്തരം പറഞ്ഞത്: നിന്റെ ദൈവമായ കർത്താവിനെ നീ പൂർണ്ണ ഹൃദയത്തോടും പൂർണ്ണ മനസ്സോടും പൂർണ്ണ ആത്മാവോടും കൂടി സ്നേഹിക്കേണം എന്നതാകുന്നു. ഇത് ഒന്നാമത്തേതും ഏറ്റവും വലിയതുമായ കൽപനയാകുന്നു. രണ്ടാമത്തേത് ഇതിനോടടുക്കുന്നു; നിന്നെപ്പോലെ തന്നെ നിന്റെ അയൽക്കാരനെയും സ്നേഹിക്കുക. സകല ന്യായപ്രമാണവും പ്രവാചകന്മാരും ഈ രണ്ടു കൽപനകളിൽ അടങ്ങുന്നു (മത്തായി 22:37-40). ഈ സന്ദർഭം മനസ്സിൽ വെച്ചു കൊണ്ട് നമുക്ക് എങ്ങനെ സ്നേഹത്തിൽ നമ്മുടെ വെളിച്ചം പ്രകാശിപ്പിക്കാം എന്നു നോക്കാം.

## ദൈവത്തിനു വേണ്ടി സ്നേഹത്തിൽ വെളിച്ചമായി പ്രകാശിക്കാം

ഏറ്റവും വലിയ കൽപന എടുത്തു പറയുമ്പോൾ കർത്താവ് പത്ത് കൽപനകളിൽ ഒന്നെടുത്തു പറയുകയല്ല ചെയ്തത്. അതിനു പകരമായി ആവർത്തനപുസ്തകം 6:5, ലേവ്യപുസ്തകം 19:18 എന്നീ വേദഭാഗങ്ങൾ ഉദ്ധരിക്കുകയായിരുന്നു. വലുതും ഒന്നാമത്തേതുമായി യേശു ഇത് പറയുവാൻ കാരണമെന്തെന്ന് പലരും ചിന്തിച്ചേക്കാം. കാരണമെന്തെന്നാൽ, ഒരാൾ ദൈവത്തെ പൂർണ്ണ മനസ്സോടും, പൂർണ്ണ ഹൃദയത്തോടും, പൂർണ്ണ ആത്മാവോടും കൂടെ സ്നേഹിക്കുകയാണെങ്കിൽ മറ്റ് കൽപനകളൊക്കെയും അവൻ അനുസരിക്കും. സ്നേഹവും അനുസരണവും അന്യോന്യം ബന്ധപ്പെട്ടു കിടക്കുന്നു. യേശു പറഞ്ഞു, നിങ്ങൾ എന്നെ സ്നേഹിക്കുന്നുവെങ്കിൽ നിങ്ങൾ എന്റെ കൽപനകളെ കാത്തുകൊള്ളും (യോഹന്നാൻ 14:15). യോഹന്നാൻ പറയുന്നത്: അവന്റെ കൽപനകളെ പ്രമാണിക്കുന്നതല്ലോ ദൈവത്തോടുള്ള സ്നേഹം; അവന്റെ കൽപനകൾ ഭാരമുള്ളവയല്ല. പരീശന്മാർ അനുസരണത്തിനാണ് അമിത പ്രാധാന്യം കൊടുക്കുന്നത്. പക്ഷേ, അവരുടെ ഹൃദയവും അനുസരണവും തമ്മിൽ ബന്ധമില്ലെന്നു മാത്രം. അധരം കൊണ്ട് ദൈവത്തെ ബഹുമാനിക്കുന്നു. പക്ഷേ, അവരുടെ ഹൃദയമോ ദൈവത്തിൽ നിന്നകന്നു പോയിരിക്കുന്നു. ആന്തരിക സ്വഭാവത്തെക്കാൾ അവർ ബാഹ്യമായ പ്രവൃത്തികൾക്കാണ് കൊടുക്കുന്നത്. അനുസരണം വെറുമൊരു

ചടങ്ങായി കൊണ്ടു പോകുന്നതിനെക്കാൾ ഹൃദയപൂർവ്വം ചെയ്യണമെന്നാണ് കർത്താവ് പറഞ്ഞത്. മർക്കോസിന്റെ സുവിശേഷത്തിൽ ന്യായശാസ്ത്രിയുടെ പ്രതികരണം ഇങ്ങനെയാണെന്ന് പറഞ്ഞിരിക്കുന്നു. നന്ന്, ഗുരോ നീ പറഞ്ഞത് സത്യം തന്നെ; ഏകനെയുള്ളൂ അവനല്ലാതെ മറ്റാരുമില്ല. അവനെ പൂർണ്ണ ഹൃദയത്തോടും പൂർണ്ണ മനസ്സോടും പൂർണ്ണ ശക്തിയോടും കൂടെ സ്നേഹിക്കുന്നതും തന്നെപ്പോലെ കൂട്ടുകാരനെ സ്നേഹിക്കുന്നതും സകല സർവ്വാംഗഹോമങ്ങളെക്കാളും യാഗങ്ങളെക്കാളും സാരമേറിയത് തന്നെ എന്നു പറഞ്ഞു (മർക്കോസ് 12:32-33). അവന്റെ ഉത്തരത്തിലെ ഒരു ഭാഗം സങ്കീർത്തനത്തിൽ നാം വായിക്കുന്നതിനോട് യോജിക്കുന്നു. ഹനനയാഗവും ഭോജനയാഗവും നീ ഇച്ഛിച്ചില്ല. നീ ചെവികളെ  എനിക്ക് തുളച്ചിരിക്കുന്നു. ഹോമയാഗവും പാപയാഗവും നീ ചോദിച്ചില്ല. അപ്പോൾ ഞാൻ പറഞ്ഞു: ഇതാ, ഞാൻ വരുന്നു. പുസ്തകച്ചുരുളുകളിൽ എന്നെക്കുറിച്ച് എഴുതിയിരിക്കുന്നു. എന്റെ ദൈവമേ, നിന്റെ ഇഷ്ടം ചെയ്‌വാൻ ഞാൻ പ്രിയപ്പെട്ടു ; നിന്റെ ന്യായപ്രമാണം എന്റെ ഉള്ളിൽ ഇരിക്കുന്നു (സങ്കീർത്തനം 40:6-8). ഈ ഭാഗം വായിക്കുമ്പോൾ, ദൈവം ഒരിക്കലും യാഗമോ വഴിപാടോ ആഗ്രഹിച്ചിരുന്നില്ല എന്നു തോന്നി പ്പോകും. അങ്ങനെയുള്ള തോന്നൽ ശരിയല്ല. പുറപ്പാട്, ലേവ്യാപുസ്തകം എന്നീ ഭാഗങ്ങൾ വായിച്ചാൽ ദൈവം അതെല്ലാം കൽപിച്ചിട്ടുള്ളതാണെന്നു കാണാം. വെറുതെ യാഗം കഴിക്കുന്നതോ വഴിപാടു കൊണ്ടു വരുന്നതോ അല്ല ദൈവം ഇച്ഛിക്കുന്നത്. ഹൃദയത്തിൽ തോന്നി വേണം ചെയ്യുവാൻ. ദൈവം ആവശ്യപ്പെടുന്ന കാര്യങ്ങൾ നാം ചെയ്യുന്നത് പൂർണ്ണമായ ഇഷ്ടത്തോടെയാണ്.

ദൈവത്തിനിഷ്ടമില്ലാത്ത രീതിയിൽ നാം എന്തു ചെയ്താലും കുറ്റം തന്നെയാണ്. ദൈവ കൽപന അനുസരിക്കുന്നതു പോലും ദൈവം ദൈവം സംപ്രീതനാകുന്ന വിധത്തിൽ വേണം. യെശയ്യാവ്, മീഖാ എന്നീ പ്രവാചകന്മാരുടെ മുന്നറിയിപ്പുകൾ പ്രത്യേകം വായിച്ച് മനസ്സിലാക്കുക (യെശയ്യാവ് 1:10-15 ; മീഖാ 6:6-8). നമ്മുടെ ഹൃദയത്തിൽ പൂർണ്ണമായ സ്നേഹത്തോടെ വേണം നാം ദൈവത്തെ ആരാധിക്കുവാൻ. ഒരു ചടങ്ങായി മാത്രം കാര്യങ്ങൾ ചെയ്യുകയും നമ്മുടെ മനഃസാക്ഷി എവിടെയോ ആയിരിക്കുകയും ചെയ്താൽ അത് ക്രമവിരുദ്ധം തന്നെയാണ്.

✶

**Watch!**

# SATHYANADAM

## TV PROGRAME

### TRUE GOSPEL MESSAGE

**Speaker:**

## Bro.P.K. VARGHESE

Saturday **6 am to 6.30 am**

**On JAI HIND CHANNEL**

കേൾക്കുക!

# സത്യനാദം

ബ്രദർ.പി.കെ

വർഗ്ഗീസ്

പ്രസംഗിക്കുന്നു

എല്ലാ ശനിയാഴ്ച്ചയും

രാവിലെ 6 മണിക്ക്

ജയ്ഹിന്ദ് ടിവിയിൽ

കേൾക്കുക!

The English Voice of Truth is available.
One can contact Philemon or Kingsley at:
P.C. Philemonrajah, P.O. Box 15, 45 C/1 Church Lane,
Coronation Street, Arasardi, Madurai 625016
Mobile : 9244204420, 9244214421(Kingsley), 0452-2607026(Landline)

## Gospel Preaching On Television & Radio

| | | |
|---|---|---|
| Tamil : | Nambikkai TV | - Every Saturday at 8.00 pm |
| | Tamilan TV | - Every Monday at 6.00 pm |
| | Speaker : **Arjunan** | |
| | Tamilan TV | - Every Sunday at 6.45 am |
| | Nambikkai TV | - Every Sunday at 3.30 pm |
| | Speaker : **Philemon & Kingsley** | |
| | Tamilan TV | - Every Monday at 7.00 am<br>Every Thursday at 9.30 pm<br>Every Saturday at 7.15 am |
| | Speaker : **Rajanayagam** | |
| Hindi : | Subhasandesh TV | - Every Sunday & Tuesday at 7.00 pm |
| | Speaker : **Sunny, Francis & Vinay David** | |
| Malayalam : | Jai Hind TV | - Every Saturday at 6.00 am |
| | Speaker : **P. K. Varghese** | |
| Telugu : | Subhavartha TV | - Every Sunday 6.00 pm |
| | Rakshana TV | - Every Wednessday 6.30 pm |
| | Rakshana TV | - Every Thursday 11.00 am |
| | Sathyavani TV | - Every Wed & Friday 8.00 pm<br>www.sakthitv.in |
| | Aradhana TV | - Every Saturday at 6.30 am |
| | Kanthi TV | - Everyday at 7.30 am & 3.30 pm |
| | Speakers : **Joshua & Ricky Gootam** | |
| Manipur : | TC Network | - Every Monday at 6.30 pm |
| | TC Network | - Every Wed. & Friday at 6.00 am |
| | Speaker : **Thang Lien** | |

*Join us to worship God in Spirit and Truth*

*The*

# CHURCH OF CHRIST

Meets at T.C. 27/225

Thampuranmukku, Trivandrum-35

**Sunday- Worship- 10.00 am**

**Tuesday- Bible Study- 6.00 pm**

ALL ARE WELCOME

All correspondence should be sent to the Editor, The Bible Truth Church of Christ, Thampuranmukku, Trivandrum-35, Kerala, India

To

From
THE BIBLE TRUTH
Church of Christ
Thampuranmukku,
Trivandrum-35
Kerala, India.
Phone: 2303378